# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലംകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എംപിഎം .5/657/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലംകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എംപിഎം .5/657/2022 തീയ്യതി: 03/06/2022

## മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 23-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 23-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രസാദ് പി (ഓഡിറ്റ് ഓഫീസർ)

ശ്രീ. മൂസ ഇ (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീമതി. ജിഷ കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുജിത സുനിൽ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| ശ്രീ. എ.പി പുരുഷോത്തമൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. വിനോദ് കുമാർ ടി | സെക്രട്ടറി | 01-04-2020 | 04-06-2020 |
| ശ്രീമതി. ദീപ കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-06-2020 | 09-06-2020 |
| ശ്രീ. ജോൺ ജോൺ പാറയ്ക്കൽ | സെക്രട്ടറി | 10-06-2020 | 23-10-2020 |
| ഒഴിവ് | സെക്രട്ടറി | 24-10-2020 | 02-11-2020 |
| ശ്രീ. ദിലീപ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-11-2020 | 29-12-2020 |
| ഒഴിവ് | സെക്രട്ടറി | 30-12-2020 | 30-12-2020 |
| ശ്രീ. കെ സതീഷ് കുമാർ | സെക്രട്ടറി | 31-12-2020 | 06-03-2021 |
| ഒഴിവ് | സെക്രട്ടറി | 07-03-2021 | 07-03-2021 |
| ശ്രീ. സുരേഷ് കുമാർ വി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗീത വി.ആർ | അസി. സെക്രട്ടറി | 01-04-2020 | 12-06-2020 |
| ഒഴിവ് | അസി. സെക്രട്ടറി | 13-06-2020 | 14-06-2020 |
| ശ്രീമതി. മംഗള കെ.എൽ | അസി. സെക്രട്ടറി | 15-06-2020 | 12-02-2021 |
| ഒഴിവ് | അസി. സെക്രട്ടറി | 13-02-2021 | 16-02-2021 |
| ശ്രീ. സുരേഷ് കുമാർ വി.വി | അസി. സെക്രട്ടറി | 17-02-2021 | 31-03-2021 |
| ശ്രീ. സുരേഷ് ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. അനിത പ്രസാദ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ജൂൽന | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)) | 01-04-2020 | 31-03-2021 |
| ഡോ. ലീന വി.കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.ജയ പി.വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ. സജി കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. മുബീന എം.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 18-08-2020 |
| ശ്രീ. സുരേഷ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. അജീഷ് നാരായണൻ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. കൃഷ്ണജ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-08-2020 | 31-03-2021 |
| ശ്രീ. അംജത്ത്. കെ.പി.ഒ | ഫീഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-02-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Idrees Abdulla A.C. (Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 07-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-11 |
| 13 | കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.<br>Written By: Idrees Abdulla A.C. (Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-12 |
| 14 | പഞ്ചായത്ത് വാടകക്ക് നൽകുന്ന കെട്ടിടങ്ങൾ സംബന്ധിച്ച്.<br>Written By: Idrees Abdulla A.C. (Auditor, On 22-02-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-13 |
| 15 | ഹരിത കർമ്മസേന -പൊതു അപാകതകൾ<br>Written By: Prasad (Audit Officer, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-14 |
| 16 | മരുന്നുകൾ ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-15 |
| 17 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് | 1-16 |

| | | |
|---|---|---|
| | നിർദ്ദേശത്തെ തുടർന്ന് 73977 രൂപ തിരിച്ചടവാക്കി.<br>Written By: E.Moosa (Asst. Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | |
| 18 | ടെണ്ടർ ബിലോ കുറവ് ചെയ്തില്ല- അധികം നൽകിയ 16967/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-17 |
| 19 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഡ് യൂണിറ്റ് ബിൽഡിംഗിന് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-18 |
| 20 | അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല. ചെലവു തുക തടസ്സം ചെയ്യുന്നു.<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-19 |
| 21 | ഐ കെ എം വിഹിതം അടവാക്കൽ<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-19-1 |
| 22 | എസ് എസ് എ വിഹിതം അടവാക്കൽ<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-19-2 |
| 23 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 1-19-3 |
| 24 | പർലിൻ വർക്ക് അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-20 |
| 25 | ജനൽ കമ്പി - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-21 |
| 26 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-അധികം തുക നല്കി<br>Written By: Prasad (Audit Officer, On 24-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-22 |
| 27 | MGNREGS പ്രവൃത്തികൾ - അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-23 |
| 28 | MGNREGS പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്ന് GST ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-24 |
| 29 | മണ്ണ് ഫില്ലിങ് - കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല<br>Written By: E.Moosa (Asst. Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-25 |
| 30 | കൈപറ്റ് രസീത്, അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-26 |
| 31 | വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-26-1 |
| 32 | വെള്ളക്കെട്ട് ഒഴിവാക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-26-2 |
| 33 | മരുന്നിന് തുക മുൻകൂർ നൽകി - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 23-02-2022) | 1-26-3 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 12-05-2022) | |
| 34 | ആംബുലൻസ് ഉപയോഗിച്ചതിന് തുക നൽകി - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 24-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 1-26-4 |
| 35 | ആർജ്ജിതാവധി പണമായി കൈപ്പറ്റിയത് - സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-27 |
| 36 | തെരുവ് വിളക്ക് പുനരുദ്ധാരണം- അടാട്ട് മോഡൽ- അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-28 |
| 37 | വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ വിവരത്തിൽ കൃത്യതയില്ലാതെ<br>Written By: Jisha.K (Senior Grade Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-29 |
| 38 | ഷീറ്റ് റൂഫിങ് പ്രവൃത്തികൾ - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 23-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-30 |
| 39 | ന്യൂട്രിമിക്സ് വിതരണം - ജി എസ് ടി - ടിഡിഎസ് ഈടാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-31 |
| 40 | പൂരക പോഷകാഹാരം - പൊതു അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-32 |
| 41 | എയ്ഡഡ് സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം<br>Written By: Jisha.K (Senior Grade Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-33 |
| 42 | തുടർ സാക്ഷരതാ പരിപാടി - കൈപ്പറ്റ് രശീതി ലഭ്യാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-34 |
| 43 | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് - അലമാര വാങ്ങി നൽകിയത് സബ്സിഡിഡി മാർഗ്ഗരേഖക്ക് വിരുദ്ധം<br>Written By: Jisha.K (Senior Grade Auditor, On 27-02-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പർലിൻ പ്രവൃത്തികൾക്ക് അധിക നിരക്കിൽ തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 3-1 |
| 2 | ജനലിന് കമ്പി - അധിക നിരക്കിൽ തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 3-2 |
| 3 | മണ്ണ് ഫില്ലിങ് - കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല<br>Written By: E.Moosa (Asst. Audit Officer, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 3-3 |
| 4 | ഷീറ്റ് റൂഫിങ് പ്രവൃത്തികൾ -അധിക നിരക്കിൽ തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 25-02-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 16-02-2022) | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 16-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 23-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 12-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 03-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 16-02-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നമ്പർ-2(1), 25.03.2020 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 15.07.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 49477167 |
| വരവ് | 92974693 |
| ആകെ | 142451860 |
| ചെലവ് | 95135135 |
| നീക്കിയിരിപ്പ് | 47316725 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11722450 | 11722450 | 11606595 | 115855 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9296785 | 9296785 | 9161633 | 135152 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15518000 | 15518000 | 15518000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3991219 | 3991219 | 3991089 | 130 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 5380000 | 5380000 | 2197664 | 3182336 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 12863179 | 12863179 | 9183594 | 3679585 |
| ബി ഫണ്ട് | 0 | 70519538 | 70519538 | 70519538 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 13710395/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 11606595/-രൂപയാണ്.

Development Fund (SCP) -ഗ്രാന്റ് പത്രിക പ്രകാരം ചെലവ് 9410848/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 9161633/-രൂപയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 252 | 4980400 | 204 | 3879909 | 0 | 48 | 80% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 111207 | 1101718 | 1212925 | 1203165 | 9760 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18201000 | 18201000 | 18201000 | 0 |
| ആകെ | 111207 | 19302718 | 19413925 | 19404165 | 9760 |

കുറിപ്പ്

തൊഴിലുറപ്പ് പദ്ധതി- ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 18201000/-രൂപയാണ്, എന്നാൽ ഈ തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം വിശദമാക്കിയിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3359600 | 221 |
| വിധവാപെൻഷൻ | 21093800 | 1394 |
| വാർദ്ധക്യകാലപെൻഷൻ | 38737500 | 2823 |
| വികലാംഗപെൻഷൻ | 6053800 | 404 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 661400 | 45 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2022 ന് 10.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 45184/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. 86/2010/ഫിൻ തി. 24.09.2010 സർക്കുലറിൽ നിർദ്ദേശിക്കും വിധം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3 . പഞ്ചായത്തുമായി കരാറിലേർപ്പെടുമ്പോൾ കരാറുകാരെ കൊണ്ട് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ് വെയ്പിക്കാതെയും സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം മാത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത കാണുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതാണ് . ഓരോ എഗ്രിമെന്റും എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കണം.

4. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയിട്ടില്ല.

5. GO(P)259/2010/ത.സ്വ.ഭ.വ. തിയതി 08.11.2010 നമ്പർ പ്രൊക്വർമെന്റ് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന വിധത്തിൽ വാർഷിക ആവശ്യകതാ നിർണ്ണയം നടത്താതെയാണ് സ്റ്റോർ പർച്ചേസ് നടത്തിയിട്ടുള്ളത്.

6. പഞ്ചായത്തിലേക്ക് വാങ്ങുന്ന സ്റ്റോറുകൾ സംബന്ധിച്ച് രേഖപ്പെടുത്തിയ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇലക്ട്രോണിക് സാധനങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറി സാധനങ്ങൾ, രജിസ്റ്ററുകൾ, ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങി ചെറുതും വലുതുമായ മുഴുവൻ സ്റ്റോറുകളും തീയ്യതി ക്രമത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയ അവസ്ഥയിലാണ്. പ്രധാനപ്പെട്ട

സ്റ്റോറുകൾ ഇനം തിരിച്ച് പ്രത്യേക പേജുകളിൽ രേഖപ്പെടുത്താത്തതിനാൽ അത്തരം സ്റ്റോറുകളെ സംബന്ധിച്ച സമഗ്രമായ വിവരം നിലവിലുള്ള രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. മാത്രമല്ല സ്റ്റോറുകളുടെ സ്പെസിഫിക്കേഷനുകൾ, മറ്റ് അടിസ്ഥാന വിവരങ്ങൾ മുതലായവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

7. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2021 | 01.10.2021 മുതൽ 30.11.2022 | 29.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2004 | 1997-98 മുതൽ 2003-04 വരെ | 13.09.2004 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) വാർഷികകണക്ക് പ്രകാരം Permit Fee Contruction Buildings ഇനത്തിൽ 211237/- -രൂപ വരവുണ്ട് . എന്നാൽ ഇതു സംബന്ധിച്ച് രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

2)വാർഷികകണക്ക് (2019-20) പ്രകാരം Advance Collection Of Revenue -License Fees For Dangerous And Offensive Traders ഇനത്തിൽ 197650/- -രൂപ വരവുണ്ട് . എന്നാൽ ഇതു സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3)താഴെ പറയുന്ന ഇനത്തിൽ വാർഷികകണക്ക്, ഡി.സി.ബി രജിസ്റ്റർ എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള ഡിമാന്റ് | ഡി.സിബി രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| Profession Tax-Employees | 1155709 | 1192389 | 36680 |

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള കളക്ഷൻ | ഡി.സിബി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ | വ്യത്യാസം |
|---|---|---|---|
| Profession Tax-Employees | 1128459 | 1155709 | 27250 |

4) ബാങ്ക് ബുക്കുകൾ ബാങ്ക് പാസ് ബുക്കുകളുമായി മാസാമാസം റിക്കൺസിയലേഷൻ നടത്തിയിട്ടില്ല.

5) വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം Bidders EMD -375708/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബാലൻസ് 142812/- രൂപയാണ്.

6) വാർഷികകണക്കിലെ I-12(b) ഷെഡ്യൂൾ പ്രകാരമുള്ള Operations& Maintenance Expenditure ൽ 3813152/-രൂപയാണ്. Rp-13 പ്രകാരമുള്ള Operations& Maintenance Expenditure ൽ 3659126/-രൂപയാണ്. വ്യത്യാസം സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കിയിട്ടില്ല.

7) Secured Loan From KURDFC ലോൺ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8)തൊഴിലുറപ്പ് പദ്ധതി- ഉണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 18201000/-രൂപയാണ്, എന്നാൽ ഈ തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം വിശദമാക്കിയിട്ടില്ല.
9) Development Fund (SCP) ചെലവ് തുക വാർഷിക കണക്ക് പ്രകാരം 9211633/- രൂപയും എ.സി.ആർ പ്രകാരം 9161633/-രൂപയുമാണ്.

## 1-12 കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

കേരള ഫിനാൻസ് കോഡ് Article 56 (B) പ്രകാരം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. എന്നാൽ താഴെ കാണിച്ചിട്ടുള്ള കാലഹരണപ്പെട്ട നിക്ഷേപ തുകകൾ നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

| ഡെപ്പോസിറ്റ് | വർഷം | ആകെ തുക |
|---|---|---|
| Contractors- EMD | 2012- 14000<br>2013- 16250 | 72950 |

| | | |
|---|---|---|
| | 2014- 33950 | |
| | 2015- 8750 | |
| Suppliers EMD | 2013- 2000 | 6900 |
| | 2014- 2500 | |
| | 2018- 2400 | |
| Contractors Security Deposit | 2011- 18000 | 67400 |
| | 2012- 49400 | |
| Suppliers Security Deposit | 2014- 2500 | 2500 |
| ആകെ | | 149750 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ.09/2020-21 തിയ്യതി -16.02.2022 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് വാടകക്ക് നൽകുന്ന കെട്ടിടങ്ങൾ സംബന്ധിച്ച്.

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള 69 മുറികൾ വാടകക്ക് നൽകുന്നുണ്ട് . ഇവയിൽ താഴെ പറയുന്ന മുറികളുടെ വാടകക്കാർ 2020-21 സാമ്പത്തിക വർഷത്തിൽ വാടകയൊന്നും തന്നെ അടവാക്കിയിട്ടില്ല.

| കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് |
|---|---|
| 4/172 G | മൻസൂർ ഖാൻ വിരളിപുറത്ത് |
| 4/172 H | നൌഫൽ കോട്ടപ്പുറത്ത് വളപ്പിൽ |
| 16/547 A | അലി കളപ്പറമ്പിൽ |
| 16/547 F | സെറീന വെള്ളത്തേടത്ത് പറമ്പിൽ |
| 16/547 G | സെറീന വെള്ളത്തേടത്ത് പറമ്പിൽ |
| 16/547 H | ആസിയ വലിയകത്ത് കൊളമ്പ് |
| 16/547 I | അനീഷ് പൂവ്വത്ത്പറമ്പിൽ |
| 16/547 J | മജീദ് കോളാടിക്കൽ |
| 16/547 Z3 | ജയപ്രകാശ് നടുവിലവളപ്പിൽ |
| 16/547 Z4 | ജയപ്രകാശ് നടുവിലവളപ്പിൽ |
| 16/547 Z10 | ജയപ്രകാശ് കോട്ടയിൽ |
| 16/547 Z13 | രാജീവ് പുളിക്കത്തറ |
| 16/547 Z14 | ശിവകുമാർ വെമ്പള്ളി |

ലോക്ക്ഡൗൺ മൂലം തുറന്ന് പ്രവർത്തിക്കാൻ സാധിക്കാതിരുന്ന സ്ഥാപനങ്ങളുടെ വാടക ഇളവ് ചെയ്യാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന 19.05.2021 ലെ സ.ഉ(സാ.ധ) നം.1015/2021 ത.സ്വ.ഭ.വ പ്രകാരം ഭരണ സമിതിയുടെ 26.05.2021 ലെ മീറ്റിംഗിൽ (തീരുമാനം നമ്പർ 12(4)) 2020 ഏപ്രിൽ, മേയ് മാസങ്ങളിൽ വാടക ഒഴിവാക്കി നൽകാൻ തീരുമാനിച്ചിരുന്നു. എന്നാൽ മേൽ പട്ടിക പ്രകാരമുള്ള കട മുറികൾക്ക് സാമ്പത്തിക വർഷത്തിലെ ഒരു മാസത്തിലും വാടക അടവാക്കിയിട്ടില്ല. വാടക സംബന്ധിച്ച ബൈലോയിലെ 22ാം മത് വ്യവസ്ഥ പ്രകാരം മുറിയുടെ വാടക അതാതു മാസം 5ാം തിയ്യതിക്ക് മുമ്പായി അടവാക്കേണ്ടതാണ്. കൂടാതെ 16/547 K, 16/547 L, 16/547 Z6, 16/547 Z7, 16/547 Z11, 16/547 Z12 എന്നീ കട മുറികൾ ഒഴിഞ്ഞ് കിടക്കുകയാണ്.

വാടക അടവാക്കാത്ത മുറികളുടെ വാടക അടവാക്കുന്നതിനും ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.17/2020-21 തിയ്യതി -19.02.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ഹരിത കർമ്മസേന -പൊതു അപാകതകൾ

| | |
|---|---|
| പ്രൊജക്ട് പേരും നമ്പറും | ഹരിത സേന അംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കലും, അനുബന്ധ ചെലവും(279/20-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 401451 |

| | |
|---|---|
| ചെലവ് | 136990/-(ധനകാര്യ കമ്മീഷൻ അവാർഡ്)<br>32/20-21 Dated 16.03.21 |

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് 15.07.2017 -ലെ സ.ഉ(എംഎസ്)നം.2420/2017/തസ്വഭവ പ്രകാരം രൂപീകരിച്ച സംവിധാനമാണ് 'ഹരിത കർമ്മസേന' . സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വികസന മിഷനുകളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും വിവിധ സ്വകാര്യ – സർക്കാർ ഏജൻസികളുടേയും സംയുക്താഭിമുഖ്യത്തിലും സഹായത്തോടെയുമാണ് ഹരിത കർമ്മ സേന പ്രവർത്തിക്കുന്നത്.

ഹരിത കേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണം ഉപമിഷൻ നിർവ്വഹിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഗാർഹിക സ്ഥാപനതല ജൈവ മാലിന്യ സംസ്കരണവും അജൈവ മാലിന്യ പുനർസംക്രമണവും. ഈ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിക്കുവാൻ വിവിധ ഉത്തരവിലൂടെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീയായി പിരിക്കുന്ന തുക ഉപയോഗിച്ച് ഹരിത കർമ്മ സേന പ്രവർത്തിക്കണമെന്നാണ് മാർഗ്ഗരേഖയിൽ പറയുന്നത് . എന്നാൽ ഹരിത കർമ്മസേന പ്രവർത്തിക്കാൻ കഴിയും വിധത്തിൽ യൂസർ ഫീ ലഭിച്ചുതുടങ്ങാൻ കാലതാമസം ഉണ്ടായിരിക്കുമെന്നതിനാൽ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് പോകണമെങ്കിൽ കുറഞ്ഞത് ആദ്യത്തെ 6 മാസക്കാലത്തേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നല്കേണ്ടതുണ്ട്.

മേൽ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 26.07.2019 മുതൽ ആലംകോട് പഞ്ചായത്തിലും ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചു. യൂസർ ഫീയായി വീടുകളിൽ നിന്ന് 50/-രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100/-രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. പഞ്ചായത്തിലെ ആകെയുള്ള 19 വാർഡുകളിൽ നിന്നും യൂസർ ഫീ ഇനത്തിൽ ഹരിത കർമ്മ സേനയ്ക്ക് 52160/-രൂപ ലഭ്യമായിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ പത്രിക പ്രകാരം കർമ്മ സേനാംഗങ്ങളുടെ കൂലിയിനത്തിൽ 189150/-രൂപ ചെലവും യൂസർ ഫീ ഇനത്തിൽ വാർഡുകളിൽ നിന്നും 52160/-രൂപ വരവും അഡ്വാൻസായി 136990/-രൂപയും (189150-52160=136990) ഹരിത കർമ്മ സേനയ്ക്ക് നല്കിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1. വി.ഇ.ഒ ഹാജരാക്കിയ ക്യാഷ് ബുക്കിൽ വരവ്-ചെലവ്-ബാലൻസ് വർഷം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. വരവ് ചെലവുകൾ പ്രത്യേകം കോളത്തിൽ രേഖപ്പെടുത്താത്തതിനാൽ വരവ്-ചെലവ്-ബാലൻസ് കണക്കുകളുടെ ശരിയായ തുക ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. കാഷ് ബുക്ക് യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല. ഹരിത സേന അംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭിച്ച 136990/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ ആകെ ബാലൻസ് ആയി 10320/-രൂപ എന്നു കാണുന്നു. എന്നാൽ തിയ്യതിയോ, വർഷമോ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 26.03.2021ലെ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ബാലൻസ് 75/-രൂപയാണ്. റീകൺസലിയേഷൻ ചെയ്യാത്തതിനാൽ ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല. പാസ്സ് ബുക്കും ക്യാഷ് ബുക്കുമായി റീകൺസലിയേഷൻ നടത്തേണ്ടതാണ്.

3. രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4.ലഭിച്ച യൂസർ ഫീ രശീതി ബുക്കിൽ തുടർച്ചയായി രേഖപ്പെടുത്തുന്നില്ല. ഒന്നാം വാർഡിന് നല്കിയ രശീതി പുസ്തകത്തിൽ 5401 മുതൽ 5417 വരെ യൂസർ ഫീ എഴുതിയതിനു ശേഷം 5454നാണ് അടുത്ത യൂസർ ഫീ എഴുതിയിരിക്കുന്നത്. രശീതി ബുക്കുകളിൽ തുടർച്ചയായ രേഖപ്പെടുത്തലുകൾ ആവശ്യമാണ്. പല രശീതി ബുക്കുകളുടേയും കവർ പേജ് നാശമായതിനാൽ ബുക്ക് നമ്പർ ലഭ്യമല്ല.

5. ഹരിത കർമ്മസേനയ്ക്ക് ലഭ്യമായ ശുചീകരണ സാമഗ്രികൾ സ്റ്റോക്ക് ബുക്കിലും, വിതരണം രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല.

21.02.2022 ലെ ഓഡിറ്റ് അന്വേഷണത്തെ തുടർന്നാണ് (ഓഡിറ്റ് അന്വേഷണം നം. 20) 23.02.202ന് രേഖകൾ ഹാജരാക്കിയത്. പദ്ധതി നിർവ്വഹണത്തിലുള്ള പരിചയകുറവ് കാരണമാണ് അപാകതകൾ സംഭവിച്ചതെന്ന് വി.ഇ.ഒ. അറിയിക്കുകയുണ്ടായി. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മരുന്നുകൾ ലഭ്യമായില്ല

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 540000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് - ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ രസീത്, മരുന്നുകൾ മുഴുവൻ ലഭ്യമായതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം

ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നമ്പർ, തുക | ലഭ്യമായ മരുന്നുകൾ | ബാക്കി |
|---|---|---|---|
| കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ (6/21) | 2/15.11.2020 തുക 300000 | ഇൻവോയ്സ് നമ്പർ/തുക<br>4944/9.8.2021 തുക 11087<br>7945/25.10.2021 തുക 3617<br>8636/7.11.2021 തുക 18049<br>6251/17.9.2021 തുക 85082<br>10879/5.1.2022 തുക 25525<br>ആകെ 143360 | 156640 |
| പരിരക്ഷ (5/21) | 4/15.3.2021 തുക 234950<br>ചെക്ക് തുക 5050<br>ആകെ 240000 | ഇൻവോയ്സ് നമ്പർ/തുക<br>7022/5.10.2021 തുക 17611<br>7172/11.10.2021 തുക 15101<br>7724/20.10.2021 തുക 15770<br>8506/5.11.2021 തുക 5492<br>11502/17.1.2022 തുക 17166<br>11646/22.1.2022 തുക 21185<br>ആകെ 92325 | 147675 |
| | 540000 | 235685 | 304315 |

ഓഡിറ്റ് എൻക്വയറി 12/20-21/18.2.2022 നൽകിയതിന് ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമാവുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-16 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 73977 രൂപ തിരിച്ചടവാക്കി.

1.ടെണ്ടർ ബിലോ കുറവ് ചെയ്തില്ല

കക്കിടിപ്പുറം മുക്കിലപീടിക കക്കാട് താഴം റോഡ് (175/21) എന്ന പ്രവൃത്തി 19.786% കുറഞ്ഞ നിരക്കിലാണ് ശ്രീ. സിദ്ധീഖ്.യു.വി എന്ന കരാറുകാരൻ ഏറ്റെടുത്തിരുന്നത്. എന്നാൽ കരാറുകാരന് ബിൽ തുക നൽകിയപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്തിരുന്നില്ല.

ഓഡിറ്റ് എൻക്വയറി 4 /2020-21/11.2.2022നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 41739 രൂപ 121140106203/19.2.2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | കക്കിടിപ്പുറം മുക്കിലപീടിക കക്കാട് താഴം റോഡ് ( 175 /21)<br>ബിൽ 28/21.4.2020 തുക 210946<br>കരാർ 42/31.10.2019<br>അളവ് പുസ്തകം 87/19-20<br>കോൺട്രാക്ടർ ശ്രീ സിദ്ധീഖ്. യു.വി | 188344 | 210946 (12% ജി.എസ്.ടി ഉൾപ്പെടെ) | 169207 (ടെണ്ടർ കുറവ് 19.786%, 12% ജി.എസ്.ടി ഉൾപ്പെടെ) | 41739 |

| | | | | | |
|---|---|---|---|---|---|
| | കോസ്റ്റ് ഇൻഡക്സ് 31.06% | | | | |

2. മൂല്യ നിർണ്ണയ തുകയിലും കൂടുതൽ തുക കരാറുകാരന് നൽകി

കരോട്ടിൽ ഇടവഴി റോഡ് കോൺക്രീറ്റ് ( 63 /21) എന്ന പ്രവൃത്തിയുടെ ആകെ മൂല്യ നിർണ്ണയ തുക 127076 രൂപയാണ്. എന്നാൽ ബിൽ തുക നൽകിയപ്പോൾ ആകെ മൂല്യ നിർണ്ണയ തുക 128060 എന്ന് തെറ്റായാണ് കണക്കാക്കിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 11/2020-21/18.2.2022നൽകിയതിനെ തുടർന്ന് അധികം നൽകിയ 1103 രൂപ 121140106200/19.2.2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | കരോട്ടിൽ ഇടവഴി റോഡ് കോൺക്രീറ്റ് ( 63 /21)<br>ബിൽ 98/30.1.2021 തുക 140000<br>ചെക്ക് 5139185/3.3.21 തുക 3428<br>ആകെ 143428<br>കരാർ 76/12.10.2020<br>അളവ് പുസ്തകം 96/20-21<br>കോൺട്രാക്ടർ ശ്രീ .ടി.വി. ഷാലു<br>കോസ്റ്റ് ഇൻഡക്സ് 31.06% | 127076 | 143428<br>(12% ജി.എസ്.ടി ഉൾപ്പെടെ) | 142325<br>( 12% ജി.എസ്.ടി ഉൾപ്പെടെ) | 1103 |

3.സോളിഡ് ബ്ലോക്ക് മേസനറി കരാറുകാരന് അധിക തുക നൽകി

ചിയ്യാന്നൂർ GLP സ്കൂളിന് ഓഡിറ്റോറിയം (194/21) എന്ന പ്രവൃത്തിയുടെ ഇനം 6 ആയി 20.97m$^3$ സോളിഡ് ബ്ലോക്ക് മേസനറി ചെയ്തതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകം പേജ് 9 ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിയുടെ യഥാർത്ഥ അളവ് 20.102m$^3$ മാത്രമാണ്. ആകെ അളവിൽ നിന്ന് ഡിഡക്ഷൻ കുറവ് ചെയ്യാതിരുന്നതിനാലാണ് അപാകത സംഭവിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 6/2020-21/15.2.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 4820 രൂപ 121140106287/21.2.2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | ചിയ്യാന്നൂർ GLP സ്കൂളിന് ഓഡിറ്റോറിയം (194/21)<br>ബിൽ 39/27.7.2020 തുക 207916<br>ബിൽ 42/29.11.2020തുക 489731<br>കരാർ 45/13.11.2019<br>അളവ് പുസ്തകം 6/19<br>കോൺട്രാക്ടർ ശ്രീ | 20.97m$^3$ | 103990<br>20.97m$^3$<br>@4959/m$^3$ | 99686<br>20.102m$^3$<br>@4959/m$^3$ | 4820<br>(12% GSTഉൾപ്പെടെ) |

| | | | | | |
|---|---|---|---|---|---|
| | റഫീഖ്. കെ.എ<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |

4. മേൽക്കൂര ഷീറ്റ് മേയൽ- അളവ് കണക്കാക്കിയതിലെ അപാകത കാരണം അധിക തുക നൽകി

വില്ലേജ് ഓഫീസ് കെട്ടിട നവീകരണം (താത്കാലിക പഞ്ചായത്ത് ഓഫീസ്) 139/21 എന്ന പ്രവൃത്തിയുടെ ഇനം 9 പ്രകാരം കെട്ടിടത്തിന് മുകളിൽ 220.55 $M^2$ ഷീറ്റ് മേഞ്ഞതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ യഥാർത്ഥ അളവുകൾ പരിശോധിച്ചതിൽ പ്രവൃത്തി നിർവ്വഹിച്ചത് 187.61$m^2$ മാത്രമാണെന്ന് വ്യക്തമായി. 4 വശങ്ങളുള്ള മേൽക്കൂരയുടെ ത്രികോണാകൃതിയിലുള്ള വശങ്ങളുടെ ഏരിയ കണക്കാക്കിയതിലെ അപാകത കാരണമാണ് അധിക തുക നൽകാനിടയായത്. ഓഡിറ്റ് എൻക്വയറി 23 /2020-21/21.2.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 21656 രൂപ 121140106343/23-2-2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% GST ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | വില്ലേജ് ഓഫീസ് കെട്ടിട നവീകരണം (താത്കാലിക പഞ്ചായത്ത് ഓഫീസ്) 139/21<br>ബിൽ 100/30.1.2021 തുക 69000<br>ചെക്ക് 5139185/3.3.2021 തുക 44019<br>കരാറുകാരൻ ശ്രീ. റിജിൻ.എ<br>കരാർ 12/4.8.2020<br>അളവ് പുസ്തകം 70/20-21, 103/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 187.61$m^2$ | 129463<br>220.55 $M^2$ @587/m<br>(ടെണ്ടർ കുറവ് 3.436% ) | 110127<br>187.61 $M^2$ @587/m<br>(ടെണ്ടർ കുറവ് % ) | 21656 |

ഷീറ്റ് റൂഫിങ് അളവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അളവ് പുസ്തകം പേജ് 10 പ്രകാരം അളവ് | യഥാർത്ഥ അളവ് |
|---|---|
| 1*2*5.03(9.60+18.65) =142.09 (നീളം കൂടിയ വശങ്ങൾ)<br>2<br>1*2*5.03(9.05+6.55) =78.45 (ത്രികോണം)<br>2<br>ആകെ 220.55$m^2$ | 1*2*5.03(9.60+18.65) =142.09<br>2<br>1*2*1/2*9.05*5.03= 45.52<br>ആകെ 187.61$m^2$ |

5. അളവ് പുസ്തകത്തിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധിക തുക നൽകി

പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന് സ്റ്റോക്ക് റൂം നിർമ്മാണം (262/21) എന്ന പ്രവൃത്തിയുടെ ഇനം 26 ആയി കെട്ടിട നിർമ്മാണം സംബന്ധിച്ച ഗ്രാനൈറ്റ് ബോർഡ് സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി 19.2.2022 ന് നേരിൽ പരിശോധിച്ചപ്പോൾ പ്രസ്തുത ബോർഡ് അവിടെ സ്ഥാപിച്ചതായി കണ്ടില്ല. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 21 /2020-21/21.2.2022 നൽകിയതിനെ തുടർന്ന് 4659 രൂപ 121140106358/23.2.2022 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ബോർഡിന് നൽകിയ തുക |
|---|---|
| പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന് സ്റ്റോക്ക് റൂം നിർമ്മാണം | 4659 |

| | | |
|---|---|---|
| (262/21)<br>ബിൽ 115/31.3.2021 തുക 702597<br>കരാറുകാരൻ ശ്രീ. ലിപിൻ. എം.വി<br>കരാർ 24/25.10.2019 അളവ് പുസ്തകം 81/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | (4160+499 (12%GST) | |

## 1-17 ടെണ്ടർ ബിലോ കുറവ് ചെയ്തില്ല- അധികം നൽകിയ 16967/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി

പ്രോജക്ട് : പ്ലാസ്റ്റിക് ഷ്രെഡ്ഡിംഡ് യൂണിറ്റ് ബിൽഡിംഗിന് ഇലക്ട്രിഫിക്കേഷൻ (247/21)

അടങ്കൽ : 350000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 277141/- (ബിൽ നമ്പർ 35/20-21/29.03.2021)

സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രവൃത്തി 5% കുറഞ്ഞ നിരക്കിലാണ് ശ്രീ. റഫീഖ് പി വി എന്ന കരാറുകാരൻ ഏറ്റെടുത്തിരുന്നത്. എന്നാൽ കരാറുകാരന് ബിൽ തുക നൽകിയപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്തിട്ടില്ല. മാത്രവുമല്ല പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുകയിൽ നിന്നും KCWWF ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക (12% ജി.എസ്.ടി ഉൾപ്പെടെ) | നൽകാവുന്ന തുക (ടെണ്ടർ കുറവ് 5%, 12% ജി.എസ്.ടി ഉൾപ്പെടെ) | അധികം നൽകിയ തുക |
|---|---|---|---|
| പ്ലാസ്റ്റിക് ഷ്രെഡ്ഡിംഡ് യൂണിറ്റ് ബിൽഡിംഗിന് ഇലക്ട്രിഫിക്കേഷൻ (247/21)<br>ബിൽ നമ്പർ 35/20-21/29.03.2021 തുക 277141/-<br>കരാർ 38/03.02.2020<br>അളവ് പുസ്തകം നമ്പർ രേഖപ്പെടുത്തിയിട്ടില്ല<br>കോൺട്രാക്ടർ ശ്രീ. റഫീഖ് പി വി | 257681<br>ആകെ മൂല്യനിർണ്ണയ തുക 247447<br>+ 12% ജി എസ് ടി 29694<br>ആകെ 277141<br>കുറവുകൾ<br>CGST- 2474<br>SGST – 2474<br>IT – 2474<br>Centage - 12038<br>ആകെ കുറവ് 19460 | 240714<br>ആകെ മൂല്യനിർണ്ണയ തുക 247447<br>(- )5 % ടെണ്ടർ കുറവ് 12372<br>235075<br>+ 12% ജി എസ് ടി 28209<br>ആകെ 263284<br>കുറവുകൾ<br>CGST- 2633<br>SGST – 2633<br>IT – 2633<br>KCWWF-2633<br>Centage -12038<br>ആകെ കുറവ് 22570 | 16967 |

കരാറുകാരന് അധികം നൽകിയ 16967/- രൂപ തിരികെ ഈടാക്കേണ്ടതാണെന്ന കാണിച്ച് ഓഡിറ്റ് എൻക്വയറി 15/2020-21/18.2.2022 നൽകിയതിനെ തുടർന്ന് തുക രശീതി നമ്പർ 121140106290/21.02.2022 പ്രകാരം തിരിച്ചടവാക്കി . ടി തുകയിൽ നിന്നും 2633/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഡ് യൂണിറ്റ് ബിൽഡിംഗിന് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് : പ്ലാസ്റ്റിക് ഷ്രെഡ്ഡിംഡ് യൂണിറ്റ് ബിൽഡിംഗിന് ഇലക്ട്രിഫിക്കേഷൻ (247/21)

അടങ്കൽ : 350000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 277141/- (ബിൽ നമ്പർ 35/20-21/29.03.2021)

മേൽ പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചത് 28.10.2019 നാണ്. ടെണ്ടറിൽ ഏറ്റവും കുറവു തുക ക്വാട്ട് ചെയ്തത് ശ്രീ അനിൽകുമാർ എന്നയാളാണ്. 14.9 ശതമാനം കുറവ്. ടിയാന്റെ ടെണ്ടർ അംഗീകരിച്ച് കൊണ്ട് 23.11.2019 ന് സെലക്ഷൻ നോട്ടീസ് അയച്ചിരുന്നു. തുടർന്ന് 04.01.20 ന് വീണ്ടും കത്ത് അയച്ചെങ്കിലും ടിയാൻ കരാർ വെക്കുന്നതിന് ഹാജരാവാത്തതിനാൽ രണ്ടാമതായി കുറവു തുക ക്വാട്ട് ചെയ്ത ശ്രീ റഫീഖ് പി വി എന്നവർക്ക് (5% കുറവ്) കരാർ വെക്കുന്നതിന് 20.01.2020 ന് സെലക്ഷൻ നോട്ടീസ് നൽകുകയാണ് ചെയ്തത്. നടപടിക്രമത്തിൽ PWD മാനുവൽ ഖ.2009-6 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

1. PWD മാനുവൽ പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനു ശേഷവും കരാർ വെച്ചില്ലെങ്കിൽ ടിയാന്റെ EMD തുക കണ്ടു കെട്ടേണ്ടതാണ്.

2. തുടർന്ന് തൊട്ടടുത്ത കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്യേണ്ടതാണ്.

3. ഇത്തരത്തിൽ നെഗോഷ്യേഷന് തയ്യാറല്ലെങ്കിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നുകാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 15/2020-21 /18.2.2022 മറുപടി ലഭ്യമാക്കിയില്ല.
ടിയാന്റെ ഇ എം ഡി തുക കണ്ടു കെട്ടി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. നടപടിക്രമം പാലിക്കാതെ രണ്ടാമത്തെ കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ച് നൽകിയതിനാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുകയുടെ 9.5% നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ വരാതെ സൂക്ഷിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തികൾ ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല. ചെലവു തുക തടസ്സം ചെയ്യുന്നു.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിന്റെ പൂർത്തീകരണ വിവരം/ തുകകളുടെ വിനിയോഗ വിവരം/ ചെലവിന്റെ അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 1212064/- രൂപ തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 30/20-21/22.02.2022.)

### 1-19-1 ഐ കെ എം വിഹിതം അടവാക്കൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 02/21 ഐ കെ എം വിഹിതം അടവാക്കൽ | ബിൽ നമ്പർ 07/20-21/ 11.06.2020 81,490/- Plan- General | ഐ കെ എം | വിനിയോഗ വിവരം |

### 1-19-2 എസ് എസ് എ വിഹിതം അടവാക്കൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 03/21 എസ് എസ് എ വിഹിതം അടവാക്കൽ | ബിൽ നമ്പർ 06/20-21 /10.06.2020 10,00,000/- Plan- General | ജില്ലാ പ്രോജക്ട് ഓഫീസർ, SSK | വിനിയോഗ വിവരം |

### 1-19-3 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 1 | 30/21 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ | 21364/- വൗച്ചർ നമ്പർ 22000096/16.05.20 | കെ എസ് ഇ ബി | വിനിയോഗ/ പൂർത്തീകരണ വിവരം |

| | | | | |
|---|---|---|---|---|
| | | ചെക്ക് നമ്പർ 5139983/18.05.20 | | |
| | | 15468/-<br>വൗച്ചർ നമ്പർ 2200444/27.08.20<br>ചെക്ക് നമ്പർ 5139127/27.08.20 | കെ എസ് ഇ ബി | വിനിയോഗ/ പൂർത്തീകരണ വിവരം |
| | | 22818/-<br>വൗച്ചർ നമ്പർ 22000482/9.9.2020ചെക്ക് നമ്പർ 5139130/09.09.20 | കെ എസ് ഇ ബി | വിനിയോഗ/ പൂർത്തീകരണ വിവരം |
| | | 26061/-<br>വൗച്ചർ നമ്പർ 22000567/21.10.20<br>ചെക്ക് നമ്പർ 965301/21.10.20 | കെ എസ് ഇ ബി | വിനിയോഗ/ പൂർത്തീകരണ വിവരം |
| | | 14100/-<br>വൗച്ചർ നമ്പർ 22000646/16.11.20 | കെ എസ് ഇ ബി | വിനിയോഗ/ പൂർത്തീകരണ വിവരം |
| 2 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ (വാർഡ് 1.5 എന്നിവിടങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് 30/21 പ്രോജക്ടിനു പുറമേ തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുക) | 30763 /-<br>വൗച്ചർ നമ്പർ 22000647/16.11.20 | കെ എസ് ഇ ബി | വിനിയോഗ പൂർത്തീകരണ വിവരം |

## 1-20 പർലിൻ വർക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി പർലിൻ വർക്ക് ചെയ്യുതിന് (റെക്ടാങ്കുലർ ഹോളോ പൈപ്പ്) ട്രസ്സ് വർക്കിന് ബാധകമായ DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ പർലിൻ പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച, പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉള്ള ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/2020-21/21.2.2022 ,24 /2020-21 /21.2.2022നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. പർലിൻ ട്രസ്സ് വർക്കിന്റെ ഭാഗമായിട്ടാണ് പ്രവൃത്തിക്കുന്നത്.

2. പർലിനും കോമൺ റാഫ്റ്ററും ഒന്നിച്ച് വെൽഡ് ചെയ്താണ് നിർമ്മിച്ചിരിക്കുന്നത്.

3. ഇത് ധാരാളം വെൽഡിങ്, വർക്ക്മാൻഷിപ്പ്, ലേബർ എന്നിവ വരുന്ന പ്രവൃത്തിയാണ്.

എന്നാൽ ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

1. പർലിൻ/ സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്ന് പ്രസ്തുത ഡാറ്റയിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതാണ്.

2. പർലിൻ/സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ആവശ്യമായ വെൽഡിങ്, കൂലി എന്നിവ പരിശോധിച്ച് ചീഫ് എഞ്ചിനീയർ അംഗീകരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതാണ് കോഡ് 50.10.2 പ്രകാരമുള്ള നിരക്ക്.

3. പർലിനും കോമൺ റാഫ്റ്ററും ഒന്നിച്ച് വെൽഡ് ചെയ്താണ് നിർമ്മിച്ചിരിക്കുന്നത് എന്നത് തീർത്തും അപ്രായോഗികമാണ്.

അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക DSR 10.16.1 പ്രകാരം | നൽകാവുന്ന തുക 50.10.2 പ്രകാരം | അധികം (12% GST ഉൾപ്പെടെ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ചിയ്യാന്നൂർ GLP സ്കൂളിന് ഓഡിറ്റോറിയം (194/21)<br>ബിൽ 39/27.7.2020 തുക 207916<br>ബിൽ 42/29.11.2020തുക 489731<br>കരാർ 45/13.11.2019<br>അളവ് പുസ്തകം 6/19<br>കോൺട്രാക്ടർ ശ്രീ റഫീഖ്. കെ.എ<br>കോസ്റ്റ് ഇൻഡക്സ് 31.06% | 449.22Kg | 48561<br>@108.10<br>(ടെണ്ടർ കുറവ് 8.61% ) | 43880<br>@97.68<br>(ടെണ്ടർ കുറവ് 8.61% ) | 5243 |
| 2 | ഒതളൂർ കിഴക്കുമുറി അംഗൻവാടി നവീകരണം (190/21)<br>ബിൽ 19/21.4.2020 തുക 172349<br>കരാറുകാരൻ ശ്രീ. കർണ്ണൻ.എം.വി<br>കരാർ 48/13.11.2019<br>അളവ് പുസ്തകം 62/2019<br>കോസ്റ്റ് ഇൻഡക്സ് 31.06% | 130.8Kg | 15471<br>@118.28/Kg | 13980<br>@106.88/Kg | 1670 |
| 3 | ഫിസിയോ തെറാപ്പി സെന്ററിൽ ടോയ്‌ലറ്റ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും (238/21)<br>ബിൽ 60/28.12.2020 തുക 186618<br>ബിൽ 117 /31.3.2021 തുക 158889<br>കരാറുകാരൻ ശ്രീ. കർണ്ണൻ.എം.വി<br>കരാർ 84/16.3.2020<br>അളവ് പുസ്തകം 177/17-18, 15/20-21 | 264.24Kg | 31254<br>@118.28/Kg | 28242<br>@106.88/Kg | 3373 |

| | | | | | |
|---|---|---|---|---|---|
| | കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| 4 | വില്ലേജ് ഓഫീസ് കെട്ടിട നവീകരണം (താത്കാലിക പഞ്ചായത്ത് ഓഫീസ്) 139/21<br>ബിൽ 100/30.1.2021 തുക 69000<br>ചെക്ക് 5139185/3.3.2021 തുക 44019<br>കരാറുകാരൻ ശ്രീ. റിജിൻ.എ<br>കരാർ 12/4.8.2020<br>അളവ് പുസ്തകം 70/20-21, 103/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 562.15Kg | 64085<br>@114/Kg<br>(ടെണ്ടർ കുറവ് 3.62% ) | 57907<br>@103.01<br>(ടെണ്ടർ കുറവ് 3.62% ) | 6919 |
| 5 | പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന് സ്റ്റോക്ക് റൂം നിർമ്മാണം (262/21)<br>ബിൽ 115/31.3.2021 തുക 702597<br>കരാറുകാരൻ ശ്രീ. ലിപിൻ. എം.വി<br>കരാർ 24/25.10.2019<br>അളവ് പുസ്തകം 81/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 278.96Kg | 29570<br>@106/Kg<br>(ടെണ്ടർ കുറവ് 10.38% ) | 26722<br>@95.79/Kg<br>(ടെണ്ടർ കുറവ് 10.38% ) | 3190 |
| 6 | ആലംകോട് GLP സ്കൂളിന് ഓപ്പൺ എയർ ഓഡിറ്റോറിയം (234/21)<br>ബിൽ 48/13.11.2020 തുക 237564<br>കരാർ 44/5.11.2019 (6.03% കുറവ്)<br>അളവ് പുസ്തകം 1/2019<br>കോൺട്രാക്ടർ | ഇനം 14<br>പർലിൻ<br>565.948Kg | 62820<br>@100.50/Kg<br>(6.15% ടെണ്ടർ കുറവിന് ശേഷം.<br>DSR 10.16.1 പ്രകാരം പ്രകാരം.<br>യഥാർത്ഥ നിരക്ക് 118.28/Kg) | 56770<br>@100.31/@100.50/Kg<br>(6.15% ടെണ്ടർ കുറവിന് ശേഷം.<br>ഒസർവ്ഡ് ഡാറ്റ 50.10.2 പ്രകാരം<br>യഥാർത്ഥ നിരക്ക് 106.88/Kg) | 6776 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ.കെ.ബാബു<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| | | | | | 27171 |

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-21 ജനൽ കമ്പി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയ്യുർവ്വേദ ആശുപത്രി പുനരുദ്ധാരണവും ചുറ്റുമതിൽ നിർമ്മാണവും (191/21) എന്ന പ്രവൃത്തിയുടെ ഇനം 5 ആയി മരം കൊണ്ടുള്ള ജനൽ ഫ്രയിമിൽ ഫ്ലാറ്റ്, എം എസ് റൗണ്ട് ബാർ (ജനൽ കമ്പി) എന്നിവ സ്ഥാപിച്ചതിന് DSR 9.48.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് വെൽഡിങ്ങ് പ്രവൃത്തികൾ ഉൾപ്പെടുന്ന നിരക്കാണ്. എന്നാൽ ഇവിടെ ചെയ്ത പ്രവൃത്തിയിൽ വെൽഡിങ് ആവശ്യമില്ലാത്തതായതിനാൽ DSR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/2020-21/15.2.2022 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. DSR 14.29 പ്രകാരമുള്ള നിരക്ക് പഴയ കെട്ടിടങ്ങളിലേക്ക് പ്രവൃത്തി നിർവ്വഹിക്കാനുള്ളതാണ്.

2. ഈ ഇനത്തിൽ പ്രൈമിങ് കോട്ട് ഉൾപ്പെടുന്നില്ല. എന്നാൽ ഈ പ്രവൃത്തിയിൽ അത് ചെയ്തിട്ടുണ്ട്.

3. 9.48.2 ഡാറ്റയിൽ വെൽഡിങ്ങിനും പ്രൈമിങ് കോട്ടിനും കൂടി ഒറ്റ നിരക്കാണുള്ളത്. വെൽഡിങ്ങിന് പ്രത്യേക നിരക്ക് ഇല്ല.

ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല

1. 9.48.2 ഡാറ്റയിൽ വെൽഡിങ്ങിന് പ്രത്യേക നിരക്ക് പരാമർശിച്ചിട്ടുണ്ട്.

2. 9.48.2 ഡാറ്റയിൽ വെൽഡിങ് കൂടി ഉൾപ്പെടുന്നതിനാൽ 14.29 ഡാറ്റയിൽ ഉള്ളതിനേക്കാൾ ഉയർന്ന ലേബർ ചാർജ്ജും അനുവദിച്ചിട്ടുണ്ട്.

അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | ആയ്യുർവ്വേദ ആശുപത്രി പുനരുദ്ധാരണവും ചുറ്റുമതിൽ നിർമ്മാണവും (191/21)<br>ബിൽ 33/29.7.2020 തുക 89777<br>ബിൽ 4/21.4.2020 തുക 306193<br>കരാർ 33/28.10.2019<br>അളവ് പുസ്തകം<br>കോൺട്രാക്ടർ ശ്രീ രഘുനാഥ്.വി.ജി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 140.08Kg | 20645<br>@147.38/Kg | 11348<br>@81.01/Kg | 10413<br>(12% നികുതി ഉൾപെടെ) |

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 1-22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-അധികം തുക നല്കി

| | |
|---|---|
| പ്രൊജക്ട് പേരും നമ്പറും | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (249/20-21) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.അനിത പ്രസാദ്, വെറ്ററിനറി സർജൻ |
| അടങ്കൽ | 200000/- |
| ചെലവ് | 199696/-(വികസന ഫണ്ട്)<br>JA1/20-21 Dated 28.01.2021 |

ക്ഷീര കർഷകർ ക്ഷീര സംഘങ്ങൾക്ക് നല്കുന്ന പാലിന് സബ്സിഡി നല്കി ക്ഷീര മേഖലയെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ക്ഷീര സംഘങ്ങളിലെ ക്ഷീര കർഷകർക്ക് സബ്സിഡിയിനത്തിൽ ഒരു ലിറ്റർ പാലിന് 4/-രൂപ പ്രകാരം നല്കിയിട്ടുണ്ട്.

1. ക്ഷീരോല്പാദക സഹകരണ സംഘം, കോക്കൂർ- 30299 ലിറ്റർ പാലിന് 121196/-രൂപ

2. ക്ഷീരോല്പാദക സഹകരണ സംഘം, പന്താവൂർ -19625ലിറ്റർ പാലിന് 78500/-രൂപ

പ്രോജക്ട് പ്രകാരം 32 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ഇനത്തിൽ 199696/-രൂപ നല്കിയിട്ടുണ്ട്. സ.ഉ.(കൈ)നം.22/2018/തസ്വഭവ തിരുവനന്തപുരം തിയ്യതി 14.02.2018 6.2 മൃഗ സംരക്ഷണം/ ക്ഷീര വികസനം ക്രമ നം. 8 പ്രകാരം ക്ഷീര സഹകരണ സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4/-രൂപ വീതം കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കണം. ( ക്ഷീര വികസന വകുപ്പിന്റെ ലിറ്ററിന് 1/-രൂപയടക്കം)

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ലിറ്ററിന് 4/-രൂപ വീതം ക്ഷീര കർഷകർക്ക് നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണം നം. 19/20-21/20.02.22) നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും 22.02.2022ന് ലഭിച്ച മറുപടിയിൽ ക്ഷീര വികസന വകുപ്പിൽ നിന്നും ലഭിക്കേണ്ട 1/-രൂപ കിട്ടാത്തതുകൊണ്ടാണ് 4/-രൂപ വീതം ക്ഷീര കർഷകർക്ക് സബ്സിഡി നല്കിയതെന്ന് അറിയിക്കുകയുണ്ടായി. തുടർ വർഷങ്ങളിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 1-23 MGNREGS പ്രവൃത്തികൾ - അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതകൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കാലി തൊഴുത്ത് 3 എണ്ണം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 21.2.2022 തീയ്യതി നേരിൽ പരിശോധിച്ചപ്പോൾ അളവുകൾ രേഖപ്പെടുത്തിയതിൽ വ്യാപകമായ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപെട്ടു. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പല ഇനങ്ങളും ചെയ്തിട്ടില്ല എന്നും ചിലത് ഭാഗികമായി മാത്രമേ ചെയ്തിട്ടുള്ളൂ എന്നും വ്യക്തമായി. പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നത് പ്രവൃത്തി നേരിൽ സന്ദർശിച്ചല്ല എന്ന് മനസ്സിലാവുന്നു. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രാധ, നമ്പർ IF 560050. ആകെ മൂല്യ നിർണ്ണയം 181232<br>അളവ് പുസ്തകം 84/2021-22 | | |
|---|---|---|
| ഇനം | അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ | നേരിട്ട് പരിശോധിച്ചപ്പോൾ കണ്ടത് |
| 5. സോളിഡ് ബ്ലോക്ക് മേസനറി ബാക്ക് പില്ലർ<br>ഫ്രണ്ട് പില്ലർ<br>ഡഗ് പിറ്റ്<br>6. സിമന്റ് കോൺക്രീറ്റ് 1:4:8<br>7. സിമന്റ് പ്ലാസ്റ്ററിങ് ബാക്ക് പില്ലർ<br>ഫ്രണ്ട് പില്ലർ<br>ഡഗ് പിറ്റ് | 2*2.5*0.45*0.15=0.3370<br>2*2.5*0.3*0.15= 22.50<br>1*2.5*0.9*0.15=0.3370<br>2*3.2*0.45*0.15=0.432<br>2*3.2*0.30*0.15=0.288<br>2*2.8*0.15*1.15=1.26<br>2*1.5*0.15*1.5=0.675<br>1*7.2*0.45*0.075=0.2450<br>4*2.5*0.45 =4.5<br>4*2.5*0.3 =3<br>2*2.25*0.6 =3 | ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല |

| | | |
|---|---|---|
| | 4*3.2*0.45 =5.76<br>4*3.2*0.3 = 3.84<br>2*2.5*1.8 = 9<br>2*1.2*1.8 = 4.32 | ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല |
| ചന്ദ്രൻ- തൊഴുത്ത് നിർമ്മാണം - IF 419905 ആകെ മൂല്യ നിർണ്ണയം 145922<br>അളവ് പുസ്തകം രേഖപ്പെടുത്തിയിട്ടില്ല | | |
| 5. സോളിഡ് ബ്ലോക്ക് മേസനറി<br>ലോംഗ് വാൾ<br>ഷോർട്ട് വാൾ<br>ബാക്ക് പില്ലർ<br>ഫ്രണ്ട് പില്ലർ<br>ഇനം 8 എം.എസ്. ഷീറ്റ് ഡോർ<br>നെയിം ബോർഡ് | 2*6.10*0.10 =1.22<br>2*5.30*0.2*1.580<br>2*3.1*0.2*3+2/2=<br>3*0.40*0.2*2.50 =<br>2*0.40*0.20*3 =<br>1*1.20*1.50=1.80<br>2500 | ചെയ്തിട്ടില്ല<br>1*5.3*0.20*1.30 =<br>2*3.10*0.2*1.30<br>2*0.40*0.2*2 =<br>2*0.40*0.20*2 =<br>ചെയ്തിട്ടില്ല.<br>ചെയ്തിട്ടില്ല. |
| അബ്ദുൽ ഖാദർ - തൊഴുത്ത് നിർമ്മാണം IF 423648 ആകെ മൂല്യ നിർണ്ണയം 157989<br>അളവ് പുസ്തകം 104/20-21 | | |
| ഇനം 6 സിമന്റ് കോൺക്രീറ്റ്<br>ഇനം 7 പ്ലാസ്റ്ററിങ് ഡഗ് പിറ്റ്<br>നെയിം ബോർഡ് | 1*7.20*0.45*0.075<br>2*2.50*1.80=9<br>2*1.20*1.80=4.32<br>1500 | ചെയ്തിട്ടില്ല.<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല<br>ചെയ്തിട്ടില്ല |

ഓഡിറ്റ് എൻക്വയറി 31 /20-21/22.2.2022 – നൽകിയതിന് ശ്രീമതി രാധ എന്ന ഗുണഭോക്താവിന് ഇനിയും തുക നൽകാനുണ്ടെന്നും ആയത് നൽകുന്ന മുറക്ക് ബാക്കി പണികൾ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ശ്രീ ചന്ദ്രൻ എന്ന ഗുണഭോക്താവിന്റെ ബിൽ തുക MGNREGA നിബന്ധനകൾക്കനുസരിച്ച് നിശ്ചിത ദിവസത്തിനകം നൽകേണ്ടിയിരുന്നുവെന്നും ഗുണഭോക്താവ് ബാക്കി പണികൾ വേഗത്തിൽ ചെയ്യാമെന്ന് ഉറപ്പ് തന്നിരുന്നുവെന്നും മറുപടി ലഭ്യമാക്കി. മൂന്നാമത്തെ ഗുണഭോക്താവിന് അസുഖം ബാധിച്ചതിനാലാണ് പണികൾ മുഴുവൻ ചെയ്യാൻ കഴിയാതിരുന്നത് എന്നും മറുപടി ലഭ്യമാക്കി.

പണികൾ പൂർത്തീകരിച്ച ശേഷം മാത്രമേ ബിൽ നൽകേണ്ടതുള്ളൂ. പ്രവൃത്തി പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞാണ് പരിശോധന നടത്തിയിട്ടുള്ളത്. പരിശോധന വേളയിലും ഭാഗികമായി മാത്രം പ്രവൃത്തികൾ ചെയ്തിട്ടുള്ളൂ. മറുപടി ന്യായീകരിക്കാവുന്നതല്ല. പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-24 MGNREGS പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്ന് GST ഈടാക്കിയില്ല

1. 1.10.2018 മുതൽ 2.5 ലക്ഷം രൂപയിൽ അധികരിച്ച വാങ്ങലുകൾ / സേവനങ്ങൾ എന്നിവയുടെ ബിൽ തുക നൽകുമ്പോൾ 2% തുക GST ഇനത്തിൽ കിഴിവ് വരുത്തേണ്ടതാണ്.

എന്നാൽ ചുവടെ കാണിച്ച പ്രവൃത്തികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിൽ 3626449 രൂപ കരാറുകാരൻ ശ്രീ റഫീഖ്. കെ.എ എന്നയാൾക്ക് നൽകിയെങ്കിലും TDS ഇനത്തിൽ ഈടാക്കേണ്ട 2% തുക 72529രൂപ കിഴിവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. 2% തുക GST ഇനത്തിൽ കിഴിവ് വരുത്താതിരുന്നതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. പ്രവൃത്തികൾക്കായി സപ്ലൈ ചെയ്ത മെറ്റീരിയലുകളുടെ ബില്ലുകൾ ബന്ധപ്പെട്ട ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല. പ്രസ്തുത ബില്ലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | മെറ്റീരിയൽ വില | ഈടാക്കേണ്ട തുക 2% |
|---|---|---|
| മേതൃക്കോവിൽ ബൈ റോഡ് കോൺക്രീറ്റ്. വാർഡ് 5<br>പ്രവൃത്തി നമ്പർ RC /293784<br>ആകെ മൂല്യ നിർണ്ണയം. 187717.68<br>അളവ് പുസ്തകം. നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 157699.68 | 3154 |
| കക്കിടിപ്പുറം എറവക്കാട് റോഡ് കോൺക്രീറ്റ്. വാർഡ് 3<br>പ്രവൃത്തി നമ്പർ RC /293781<br>ആകെ മൂല്യ നിർണ്ണയം. 241204.22<br>അളവ് പുസ്തകം. നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 203384.22 | 4068 |
| പൂക്കൈതക്കുളം റോഡ് കോൺക്രീറ്റ്. വാർഡ് 1<br>പ്രവൃത്തി നമ്പർ RC /293781<br>ആകെ മൂല്യ നിർണ്ണയം. 241204.22<br>അളവ് പുസ്തകം. നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 203384.22 | 4068 |
| അങ്ങാലി പാടം റോഡ് കോൺക്രീറ്റ്. വാർഡ് 6<br>പ്രവൃത്തി നമ്പർ RC /293783<br>ആകെ മൂല്യ നിർണ്ണയം. 77876.10<br>അളവ് പുസ്തകം. നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 65522.10 | 1310 |
| തങ്ക ടീച്ചർ ഇടവഴി കോൺക്രീറ്റ്. വാർഡ് 10<br>പ്രവൃത്തി നമ്പർ RC /293789<br>ആകെ മൂല്യ നിർണ്ണയം. 197484<br>അളവ് പുസ്തകം. നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 162256.55 | 3245 |
| ദാറുസ്സലാം ബൈ റോഡ് കോൺക്രീറ്റ്. വാർഡ് 116<br>പ്രവൃത്തി നമ്പർ RC /294143<br>ആകെ മൂല്യ നിർണ്ണയം. 242658<br>അളവ് പുസ്തകം. നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 203384 | 4068 |
| ഇന്ദിരാജി റോഡ് കോൺക്രീറ്റ്. വാർഡ്<br>പ്രവൃത്തി നമ്പർ RC /293786<br>ആകെ മൂല്യ നിർണ്ണയം. 246553<br>അളവ് പുസ്തകം. നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 203842.22 | 4068 |

ഓഡിറ്റ് എൻക്വയറി 25 /20-21/21.2.2022 നൽകിയതിന് - ടി.ഡിഎസ് തുക ഈടാക്കുന്നതിനുള്ള സംവിധാനം MGNREGA MIS ൽ ഇല്ല എന്ന് മറുപടി ലഭ്യമാക്കി.
ഫണ്ട് ട്രാൻസ്ഫർ ചെയ്തത് MGNREGA സോഫ്റ്റ്‌വെയറിൽ നിന്ന് അറിയാവുന്നതാണ്. ബിൽ തുക കരാറുകാരന് ലഭിക്കുന്ന സമയത്ത് നികുതി അടവാക്കാൻ കരാറുകാരനോട് ആവശ്യപ്പെടാവുന്നതുമാണ് എന്നതിനാൽ മറുപടി സ്വീകാര്യമല്ല. നികുതി അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 മണ്ണ് ഫില്ലിങ് - കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആലംകോട് ജി.എൽ.പി സ്കൂളിന് ഓപ്പൺ എയർ ഓഡിറ്റോറിയം ( 234 /21) എന്ന പ്രവൃത്തിയുടെ എക്സ്ട്ര ഇനം 2 ആയി കെട്ടിടത്തിന്റെ തറയിൽ 71.228$m^3$മണ്ണ് നിറച്ചതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ ഇനം 1 പ്രകാരം കിളച്ചെടുത്ത മണ്ണിൽ 17.68$m^3$

അവശേഷിച്ചത് (ആകെ കിളച്ചെടുത്തത് 32.758,$m^3$ ഇനം 4 പ്രകാരം ഉപയോഗിച്ചത് 15.078$m^3$ ബാക്കി 17.68$m^3$) ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ല. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കിളച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തത് | തുക |
|---|---|---|---|
| 1 | ആലംകോട് ജി.എൽ.പി സ്കൂളിന് ഓപ്പൺ എയർ ഓഡിറ്റോറിയം (234 /21)<br>ബിൽ 106/25.2.2021 തുക 844025<br>ബിൽ 48/13.11.2020 തുക 237564<br>കരാർ 44/5.11.2019 (6.03% കുറവ്)<br>അളവ് പുസ്തകം<br>കോൺട്രാക്ടർ ശ്രീ.കെ.ബാബു<br>കോസ്റ്റ് ഇൻഡക്സ് 31.06% | 17.68$m^3$ | @383.32/$m^3$<br>7590<br>12% നികുതി ഉൾപ്പെടെ |

ഓഡിറ്റ് എൻക്വയറി 5/2020-21/15.2.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-26 കൈപറ്റ് രസീത്, അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുകകളുടെ രസീത്, അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 316320 /- രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 32/20-21/22.02.2022.)

### 1-26-1 വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തുക | ചെലവിനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 22000162/09.06.2020 | 12000 | MGNREGS തൊഴിലാളികൾക്ക് വേണ്ടി 1200 മാസ്ക് വാങ്ങിച്ചതിനുള്ള തുക. മയൂരം NHG ക്ക് നൽകിയത് | തൊഴിലാളികൾക്ക് മാസ്ക് വിതരണം ചെയ്തതിന്റെ രേഖകൾ |

### 1-26-2 വെള്ളക്കെട്ട് ഒഴിവാക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

| വൗച്ചർ നമ്പർ | തുക | ചെലവിനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 22000165/9.6.2020 | 138000 | പ്രധാന റോഡുകളുടെ അഴുക്ക് ചാലുകളിലെ മണ്ണ് നീക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് JCB, ടിപ്പർ വാടകകെ.എംഎർത്ത് മൂവേഴ്സ്, വളയംകുളം എന്ന സ്ഥാപനത്തിന് നൽകിയത്. | ഏതൊക്കെ ദിവസങ്ങളിൽ, എവിടെയൊക്കെ എത്ര സമയങ്ങളിൽ പ്രവൃത്തി ചെയ്തു എന്നതിന്റെ വിശദാംശങ്ങൾ |

### 1-26-3 മരുന്നിന് തുക മുൻകൂർ നൽകി - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

| വൗച്ചർ നമ്പർ | തുക | ചെലവിനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 22000197/29.6.2020 | 50000 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ. KMCL കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകിയത്. | രസീത്, മരുന്ന് ലഭ്യമായതിന്റെ രേഖകൾ |

## 1-26-4 ആംബുലൻസ് ഉപയോഗിച്ചതിന് തുക നൽകി - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

| വൗച്ചർ നമ്പർ | തുക | ചെലവിനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 22000616/10.11.2020 | 116320 | Ambulance Charges - കോവിഡ് 19 ടെസ്റ്റ്, ജനങ്ങളെ ക്വാറന്റീൻ സെന്ററിൽ ആക്കൽ എന്നിവക്കായി ആംബുലൻസ് ഉപയോഗിച്ചതിന് ശ്രീ റഷീദ് വി എന്നവർക്ക് നൽകിയ തുക | ഏതൊക്കെ സ്ഥലത്തു നിന്നുമാണ് രോഗികളെ കൊണ്ടുപോയത് എന്ന വിവരം, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ആവശ്യകതാ സാക്ഷ്യപത്രം എന്നീ അനുബന്ധ രേഖകൾ |

## 1-27 ആർജ്ജിതാവധി പണമായി കൈപ്പറ്റിയത് - സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

സ. ഉ (അ)നം 42/2020/ധന തിയ്യതി 16.04.2020 പ്രകാരം കോവിഡ് 19 സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് എല്ലാ ജീവനക്കാരുടേയും വാർഷിക ആർജ്ജിതാവധി സറണ്ടർ 16.04.2021 മുതൽ 3 മാസത്തേക്ക് മരവിപ്പിച്ചിരുന്നു. ആയത് സ.ഉ.(അ)നം 94/2020/ധനം17.07.2020പ്രകാരം 3 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. തുടർന്ന് 05.11.2020 ലെ സ. ഉ (അ)നം 152/2020/ധനം പ്രകാരം മാറ്റിവെക്കപ്പെട്ട ലീവ് സറണ്ടർ ആനുകൂല്യം പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കാൻ തീരുമാനിച്ചു. ലയിപ്പിക്കുന്ന തുക 2021 ജൂൺ മാസം മുതൽ മാത്രമേ പി എഫിൽ നിന്നും പിൻവലിക്കാൻ പാടുള്ളൂ. എന്നാൽ 19.06.2020 ലെ എ3-2633/20 നടപടിക്രമ പ്രകാരം (വൗച്ചർ നമ്പർ 22000503/16.09.2020) പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർക്ക് ആർജ്ജിതാവധി പണമായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരൻ | തസ്തിക | പണമായി കൈപ്പറ്റിയ ആർജ്ജിതാവധി സറണ്ടർ തുക |
|---|---|---|---|
| 1 | ശ്രീമതി. മംഗല കെ എൽ | അസി. സെക്രട്ടറി | 47450 |
| 2 | ശ്രീ. താജുദ്ദീൻ എം | അക്കൗണ്ടന്റ് | 47450 |
| 3 | ശ്രീമതി. ദീപ കെ ആർ | എച്ച് സി | 45170 |
| 4 | ശ്രീമതി നാജിത .ടി വി | സീനി.ക്ലർക്ക് | 34610 |
| 5 | ശ്രീമതി രജിത ജി | സീനി.ക്ലർക്ക് | 31240 |
| 6 | ശ്രീമതി റംസിയ പി | ക്ലർക്ക് | 26320 |
| 7 | ശ്രീമതി അന ഡേവിഡ് | ക്ലർക്ക് | 26320 |
| | | | 258560 |

സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ തുക പണമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34 /2020-21/23.2.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി പണമായി ആർജ്ജിതാവധി സറണ്ടർ നൽകിയ നടപടിക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

## 1-28 തെരുവ് വിളക്ക് പുനരുദ്ധാരണം- അടാട്ട് മോഡൽ- അപാകതകൾ

പ്രോജക്ട് നമ്പർ: 32/20-21 തെരുവ് വിളക്ക് പുനരുദ്ധാരണം- അടാട്ട് മോഡൽ

അടങ്കൽ : 156900/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് : 106320/- ( ബിൽ നമ്പർ 29/14.01.2021)

മേൽ പ്രോജക്ട് പ്രകാരം തെരുവു വിളക്ക് റിപ്പയറിന് പഞ്ചായത്ത് ഭരണ സമിതിയുടെ 09.07.2020 ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം. ജി.2- 44274/2015 തിയ്യതി 17.08.2015 പ്രകാരമുള്ള അടാട്ട് മോഡൽ തെരുവു വിളക്ക് റിപ്പയറിംഗിനാണ് പഞ്ചായത്ത് ലക്ഷ്യം വെച്ചിരുന്നത്. ടി പദ്ധതിക്കായി ടെണ്ടർ വഴി ഇലക്ട്രീഷൻ ശ്രീ അയ്യൂബ് പി വി (@715/day), സഹായി (വാടകക്ക് ഒരു വാഹനം ഉൾപ്പെടെ) (@1500/day) ശ്രീ ഷംസുദ്ദീൻ പി വി എന്നിവരെ തെരഞ്ഞെടുക്കുകയും ടിയാളുകളെ റിപ്പയർ പണി ഏൽപ്പിക്കുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അടാട്ട് മോഡൽ തെരുവു വിളക്ക് റിപ്പയറിംഗ് പ്രകാരം ഇലക്ട്രീഷന് നൽകാവുന്ന വേതന തുക 700/- രൂപയാണ്. എന്നാൽ ഇലക്ട്രീഷ്യന് 715 - രൂപയാണ് ദിവസ വേതനമിനത്തിൽ നൽകിയിട്ടുള്ളത്. 21.08.2020 മുതൽ 31.10.2020 വരെ 48 ദിവസം പണിയെടുത്തതിന് 715 രൂപ നിരക്കിൽ 34320-രൂപ ടിയാന് നൽകിയിട്ടുണ്ട്. നൽകാവുന്ന തുക 48*700 33600/ രൂപയാണെന്നിരിക്കെ 720/- രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി നടപ്പിൽ വരുത്തുന്നതിന മുൻപ് തെരുവു വിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ സഹിതം രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

3. പ്രവൃത്തി ആരംഭിക്കുന്നതിന മുൻപ് കെഎസ് ഇ ബി യുമായി ബന്ധപ്പെട്ട് വൈദ്യുതി ലൈൻ ഓഫ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്. 25.08.20 മുതൽ 30.09.20 വരെയുള്ള വർക്ക് ഷെഡ്യൂൾ കെ.എസ്.ഇ.ബിക്ക് നൽകിയതായി കാണുന്നു. എന്നാൽ 21.08.2020 മുതൽ പ്രവൃത്തി ആരംഭിച്ച് വേതനം നൽകിയിട്ടുണ്ട്. കൂടാതെ 31.10.20 വരെ ജോലി ചെയ്തതിന് ടിയാളുകൾക്ക് വേതനം നൽകിയിട്ടുണ്ടെങ്കിലും 30.09.20 ന ശേഷമുള്ള ഷെഡ്യൂൾ കെ എസ് ഇ ബി യെ അറിയിച്ചിട്ടില്ല.

4. പ്രവൃത്തിക്കായുള്ള ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി സ്റ്റോക്കിലെടുത്ത് ഉപയോഗത്തിനായി നൽകേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. പർച്ചേസ് ചെയ്ത സാധനങ്ങൾ പഞ്ചായത്തിലെ മറ്റു സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷാവസാനം Stock In Register, Stock Out Register എന്നിവ റീ കൺസിൽ ചെയ്യേണ്ടതാണെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും പ്രവൃത്തി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിന വിധേയമായി മാത്രം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 37 /2020-21/23.02.2022)

## 1-29 വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ വിവരത്തിൽ കൃത്യതയില്ലാതെ

2020-21 വർഷത്തിൽ വെള്ളക്കരമിനത്തിൽ 1352318/- രൂപ താഴെ പറയുന്ന ബിൽ/ വൗച്ചറുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയിലേക്ക് പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം 281 ടാപ്പുകൾക്കാണ് (@5250/വർഷം) പ്രതിമാസം 122938/- രൂപ അടവാക്കുന്നത്. എന്നാൽ ഇത്രയും പൊതുടാപ്പുകൾ പഞ്ചായത്ത് പരിധിയിൽ നിലവിൽ ഉപയോഗയോഗ്യമായിട്ടുണ്ടോ എന്നത് സംയുക്ത പരിശോധന വഴി നാളിതു വരെ ഉറപ്പു വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 35/2020-21 /23.2.2022)

## 1-30 ഷീറ്റ് റൂഫിങ് പ്രവൃത്തികൾ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 0.35 Mm GI ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റിന് 607.83/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഗ്രാമ പഞ്ചായത്തിൽ നൽകി വരുന്നത്. ഡാറ്റ പരിശോധിച്ചത് പ്രകാരം നിരക്ക് കണക്കാക്കിയതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ (കോഡ് 12.50). അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്. എന്നാൽ ഇപ്രകാരമല്ല ഈ പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ ഡാറ്റയിൽ ഉൾപ്പെടുത്തിയ 0.35mm GI ട്രഫോൾഡ് ഷീറ്റിനുള്ള മാർക്കറ്റ് നിരക്കും DSR കോഡ് 12.50 ലെ മറ്റിനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന, ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |

| | | | | | |
|---|---|---|---|---|---|
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | Gl Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 392.81 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 24.47 |
| Total | | | | | 480.72 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വയറിന് ശരാശരി 126 രൂപ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 14 /20-21/18.2.2022 നൽകിയതിന് - റൂഫിങ് വിത് ഹാർഡ് കളർ പൗഡർ കോട്ടട് ട്രഫോർഡ് ഷീറ്റിന് ചീഫ് എഞ്ചിനീയർ അംഗീകരിച്ച നിരക്കാണ് ഇവിടെ നൽകിയിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. എന്നാൽ ഇവിടെ ഉപയോഗിച്ചിട്ടുള്ളത് ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റ് ആണ്. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും അപ്രകാരം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഹാർഡ് കളർ പൗഡർ കോട്ടട് ട്രഫോർഡ് ഷീറ്റിന് നൽകാവുന്ന തുക ഈ പ്രവൃത്തിക്ക് നൽകിയത് അനുവദനീയമല്ല. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക @607.83/m$^2$ | നൽകാവുന്ന തുക @480.72/m$^2$ | അധികം (GST ഉൾപ്പെടെ) |
|---|---|---|---|---|
| ഒതളൂർ കിഴക്കുമുറി അംഗൻവാടി നവീകരണം (190/21)<br>ബിൽ 19/21.4.2020 തുക 172349<br>കരാറുകാരൻ ശ്രീ. കർണ്ണൻ.എം.വി<br>കരാർ 48/13.11.2019<br>അളവ് പുസ്തകം 62/2019<br>കോസ്റ്റ് ഇൻഡക്സ് 31.06% | 83.737m$^2$ | 50898 | 40254 | 11921 |
| ഫിസിയോ തെറാപ്പി | 113.14m$^2$ | 68770 | 54389 | 16107 |

| | | | | |
|---|---|---|---|---|
| സെന്ററിൽ ടോയ്‌ലറ്റ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും (238/21)<br>ബിൽ 60/28.12.2020 തുക 186618<br>ബിൽ 117 /31.3.2021 തുക 158889<br>കരാറുകാരൻ ശ്രീ. കർണ്ണൻ.എം.വി<br>കരാർ 84/16.3.2020<br>അളവ് പുസ്തകം 177/17-18, 15/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന് സ്റ്റോക്ക് റൂം നിർമ്മാണം (262/21)<br>ബിൽ 115/31.3.2021 തുക 702597<br>കരാറുകാരൻ ശ്രീ. ലിപിൻ. എം.വി<br>കരാർ 24/25.10.2019<br>അളവ് പുസ്തകം 81/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | $107.25m^2$ | 61240<br>(6.06% ടെണ്ടർ കുറവ് )<br>@$571/m^2$ | 48433<br>@$451.59/m^2$ | 14344 |
| | | | ആകെ | 42372 |

## 1-31 ന്യൂട്രിമിക്സ് വിതരണം - ജി എസ് ടി - ടിഡിഎസ് ഈടാക്കിയില്ല

പ്രോജക്ട് :14/21 അനുപൂരക പോഷകാഹാര പരിപാടി

2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 15,00,000/- | 15,00,000/- | വികസനഫണ്ട് - പൊതുവിഭാഗം |
| 2 | 10,00,000/- | 10,00,000/- | തനത് ഫണ്ട് |
| 3 | 10,00,000 /- | 10,00,000/- | കേന്ദ്രാവിഷ്കൃതം |

മേൽ പ്രൊജക്റ്റ് വഴി 2084460/- രൂപ ന്യൂട്രിമിക്സ് പർച്ചേസ് ചെയ്തതിന് താഴെ പറയും പ്രകാരം ജനകീയം ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടിഡിഎസ് പിടിക്കേണ്ടതാണ്. എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി എസ് ടി- ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നം/വൗച്ചർ നം/ തിയ്യതി (തുക) | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക | ടാക്സ് ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് |
|---|---|---|---|---|---|
| 1 | വൗച്ചർ നമ്പർ 572/22.10.2020 (253448/-) | 169/.08.2020 | 253448 | 239750 | 41690 |

| | | | | |
|---|---|---|---|---|
| 2 | വൗച്ചർ നമ്പർ 573/22.10.2020 (259582/-) | 172/28.09.2020 | 259582 | 246050 |
| 3 | റിക്വിസിഷൻ നമ്പർ 20151252036200215018/ 29.05.20 (308277/-) | 157/27.04.2020 | 139490 | 131950 |
| 4 | | 153/ 10.03.2020 | 138379 | 130900 |
| 5 | റിക്വിസിഷൻ നമ്പർ 20151252036200223502/ 03.06.20(299403/-) | 160/29.05.20120 | 299403 | 283220 |
| 6 | വൗച്ചർ നമ്പർ 442/26.08.2020 (499203/-) | 165/28.07.2020 | 199800 | 189000 |
| 7 | | 162/29.06.2020 | 299403 | 283220 |
| 8 | ബിൽ നമ്പർ 20151252036201379229/ 26.03.2021(514448/-) | 178/30.11.2020 | 259072 | 245070 |
| 9 | | 184/23.01.2020 | 118400 | 112000 |
| 10 | ബിൽ നമ്പർ 20151252036201035583/ 04.02.2021 (27087/-) | 176/28.10.20 | 236059 | 223300 |
| 11 | ചെക്ക് നമ്പർ XY 5139180/1202.2021 (362920/64971/-) | | | |
| 12 | ചെക്ക് നമ്പർ XY 5139180/1202.2021 (362920/119191/-) | | | |
| | | | | 2084460 |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/2020-21/10.02.2022) ലഭ്യമാക്കിയ മറുപടിയിൽ ജനകീയം ന്യൂട്രിമിക്സ് യൂണിറ്റ് ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കി. തുടർന്ന് വരുന്ന വർഷങ്ങളിൽ ജി എസ് ടി- ടി ഡിഎസ് ഈടാക്കി അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പൂരക പോഷകാഹാരം - പൊതു അപാകതകൾ

പ്രോജക്ട് :14/21 അനുപൂരക പോഷകാഹാര പരിപാടി

2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 15,00,000/- | 15,00,000/- | വികസനഫണ്ട് - പൊതുവിഭാഗം |
| 2 | 10,00,000/- | 10,00,000/- | തനത് ഫണ്ട് |
| 3 | 10,00,000 /- | 10,00,000/- | കേന്ദ്രാവിഷ്കൃതം |

<u>ട്രാൻസ്പോർട്ടേഷൻ നൽകിയതിന്റെ കൃത്യത പരിശോധിക്കാനായില്ല</u>

മേൽ പ്രോജക്ട് പ്രകാരം ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ശ്രീ അലി എ എന്നവർക്ക് വിവിധ ബില്ലുകളിലായി തുക അനുവദിച്ചിട്ടുണ്ട്. കിലോഗ്രാമിന് 2.49 രൂപ നിരക്കിലാണ് ട്രാൻസ്പോർട്ടേഷൻ നൽകുന്നത് . എന്നാൽ ഏതൊക്കെ ബില്ലുകൾ പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ തുകയാണ് നൽകിയതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ നൽകിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | ബിൽ/വൗച്ചർനമ്പർ/തിയ്യതി | റിമാർക്സ് |
|---|---|---|---|
| 1 | 30408/- | 2015125203620021 5018/ 29.05.20 (308277/-) | |
| 2 | 39475/- | 2015125203620045 4123/ 20.08.2020 (350788/-) | |

ട്രാൻസ്പോർട്ടേഷൻ നൽകിയ ബില്ലുകളുടെ കൃത്യത കാണിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 03/2020-21/10.02.2022) ക്രമ നമ്പർ 1 പ്രകാരമുള്ള ബില്ലുകൾ ഹാജരാക്കി. ക്രമ നമ്പർ 2 ലെ 39475/- രൂപ ട്രാൻസ്പോർട്ടേഷൻ നൽകിയതിന് ആധാരമായ ബില്ലുകൾ നാളിതുവരെയായി മാവേലിയിൽ നിന്നും ലഭ്യമായിട്ടില്ലെന്നാണ് അറിയിച്ചത്. സാധനങ്ങൾ അംഗൻവാടികളിൽ ഇറക്കിയതിന് അംഗൻവാടി വർക്കർമാർ സാക്ഷ്യപ്പെടുത്തിയ ഇന്റന്റ് പ്രകാരമാണ് ഈ തുക കൈമാറിയിട്ടുള്ളത്. ബില്ലുകൾ ലഭ്യമാക്കാത്തതിനാൽ മാവേലിയിലേക്ക് നാളിതുവരെയായി സാധനങ്ങളുടെ വില നൽകിയിട്ടില്ലെന്നും അറിയിച്ചു. ബില്ലുകൾ ലഭ്യമാവാതെ മാവേലിയിൽ നിന്നും സാധനങ്ങൾ നൽകുന്നത് ക്രമവിരുദ്ധമാണ്. ഇത് ക്രമക്കേടിനു ഇടയാക്കുമെന്നതിനാൽ ഇക്കാര്യം സപ്ലൈകോയുടെ ഡിപ്പോ മാനേജരെ അറിയിച്ച് തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ബില്ലുകൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനും യഥാസമയം ട്രാൻസ്പോർട്ടേഷൻ തുക കൈമാറുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-33 എയ്ഡഡ് സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം

പ്രോജക്ട് :161/21 വൺ ക്ലാസ്സ് റൂം സ്മാർട്ട് റൂം ഫർണിച്ചർ വിതരണം

അടങ്കൽ : 1106400/-(ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് : 1075933/- (ബിൽ നമ്പർ 05/20-21/24.11.20)

2020-21 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഫർണിച്ചറുകൾ ആർട്ട്കോയിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ വില (With GST 18%) |
|---|---|---|---|---|
| 1 | HW 1846- HW Computer Table 90x60x75 Cm With Sliding Key Board And Laminated Plywood Key Board | 12 | 4977 | 70474.32 |
| 2 | S182041 -White Board With Aluminiyum Frame Size 150*90 Cm | 12 | 3141 | 44476.56 |
| 3 | PSTO – Projector Stand With Lock Facility | 24 | 1652 | 46784.64 |
| 4 | HOCF- Ceiling Fan | 24 | 2271 | 64314.72 |
| 5 | S182046 – Compact Dual Desk And Bench With Wooden Top Back Rest And Shelves Size 90*90*75 CM Seat 30 Cm , Desk Width 40 CM | 90 | 6002 | 849883.2 |
| | | | | 1075933.44 |

മേൽ ഫർണിച്ചറുകൾ 3 സർക്കാർ സ്കൂളുകൾക്കും 9 എയ്ഡഡ് സ്കൂളുകൾക്കുമായാണ് നൽകിയിട്ടുള്ളത്. എയ്ഡഡ്

സ്കൂളുകൾക്ക് നൽകിയ ഫർണിച്ചറുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ വില (With GST 18%) |
|---|---|---|---|---|
| 1 | HW 1846- HW Computer Table 90x60x75 Cm With Sliding Key Board And Laminated Plywood Key Board | 9 | 4977 | 52855.74 |
| 2 | S182041 -White Board With Aluminiyum Frame Size 150*90 Cm | 9 | 3141 | 33357.42 |
| 3 | PSTO – Projector Stand With Lock Facility | 18 | 1652 | 35088.48 |
| 4 | HOCF- Ceiling Fan | 18 | 2271 | 48236.04 |
| 5 | S182046 – Compact Dual Desk And Bench With Wooden Top Back Rest And Shelves Size 90*90*75 CM Seat 30 Cm , Desk Width 40 CM | 60 | 6002 | 424941.6 |
| | | | | 594479.28 |

സ.ഉ(കൈ)നം.11/2018/തസ്വഭവ., തിരുവനന്തപുരം, തിയ്യതി 29.01.2018 ഖ 7.6 (8) പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ്ബേയ്സിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനു ശേഷം എയ്ഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അനുമതിയുണ്ട്. എന്നാൽ ഫർണിച്ചറുകൾ എയ്ഡഡ് സ്കൂളുകൾക്ക് നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26 /2020-21/21.02.2022) ലഭ്യമാക്കിയ മറുപടിയിൽ പൊതുവിദ്യാലയത്തിലെ ഒരു ക്ലാസ്സ് റൂം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായാണ് മേൽ പദ്ധതി നടപ്പിലാക്കിയതെന്നും എയ്ഡഡ് വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കൂടി ഉന്നമനത്തിനായാണ് എയ്ഡഡ് സ്കൂളിൽ ഈ പദ്ധതി നടപ്പിലാക്കിയതെന്നും അറിയിച്ചു. എന്നാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ പദ്ധതിക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 തുടർ സാക്ഷരതാ പരിപാടി - കൈപ്പറ്റ് രശീതി ലഭ്യാക്കിയില്ല

പ്രോജക്ട് :40/21 തുടർ സാക്ഷരതാ പരിപാടി

അടങ്കൽ : 300000/-(തനത് ഫണ്ട്)

ചെലവ് : 300000/-

2020-21 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവ് തുക | വൗച്ചർ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|
| 1 | 1,00,000/- | 219000524/29.09.2020 | 40 കുട്ടികളുടെ +2 തുല്യതാ രജിസ്ട്രേഷൻ ഫീ ഇനത്തിൽ സാക്ഷരതാ മിഷനു നൽകുന്നതിനായി പിൻവലിച്ചതുക |
| 2 | 2,00,000/- | 219001237/31.03. 2021 | 49950/- 27 കുട്ടികൾക്കായുള്ള പത്താംതരം തുല്യതാ രജിസ്ട്രേഷൻ ഫീ ഇനത്തിൽ നൽകിയതുക |
| | | | 40000/- 16 കുട്ടികൾക്കുള്ള +1 തുല്യതാ രജിസ്ട്രേഷൻ ഫീ ഇനത്തിൽ നൽകിയതുക |
| | | | 90500/- ഗുഡ് ഇംഗ്ലീഷ് കോഴ്സ് രജിസ്ട്രേഷൻ ഫീ ഇനത്തിൽ നൽകിയ തുക |
| | | | 19550/-സാക്ഷരതാ മിഷൻ പഠന കേന്ദ്രങ്ങൾക്ക് സ്റ്റേഷനറികൾ |

| | | | |
|---|---|---|---|
| | 300000 | | |

സാക്ഷരതാ മിഷന് നൽകുന്നതിനായി പിൻവലിച്ച തുകകളുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (28/2020-21/21.02.2022) നൽകിയതിന് കൈപ്പറ്റ രശീതി ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. കൈപ്പറ്റ രശീതി ലഭ്യമാവുന്നതു വരെ സാക്ഷരതാ മിഷന് നൽകിയ ചെലവു തുക 280450/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-35 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് - അലമാര വാങ്ങി നൽകിയത് സബ്സിഡിഡി മാർഗ്ഗരേഖക്ക് വിരുദ്ധം

പ്രോജക്ട് :170/21 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

അടങ്കൽ : 168000/-(വികസനഫണ്ട്- ജനറൽ )

ചെലവ് : 163081/- (ബിൽ നമ്പർ 01/20-21/04.05.20)

2020-21 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം 18 രജിസ്റ്റേഡ് ക്ലബ്ബുകൾക്കായി ആർട്ട്കോയിൽ നിന്നും അലമാര വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരം രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് 5000/- രൂപയിൽ അധികരിക്കാതെയുള്ള സ്പോർട്സ് കിറ്റ് വാങ്ങി നൽകുന്നതിനാണ് അനുമതിയുള്ളത്. അലമാര വാങ്ങി നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/2020-21/21.02.2022) ക്ലബ്ബുകൾക്ക് കഴിഞ്ഞ 5 വർഷമായി സ്പോർട്സ് കിറ്റ് വാങ്ങി നൽകുന്നുണ്ടെന്നും ആയതിനാൽ ചില ക്ലബ്ബുകൾക്ക് ആവശ്യമില്ലാത്ത സാധനങ്ങൾ കൈപ്പറ്റേണ്ട അവസ്ഥയാണ് ഉള്ളതെന്നും അതിനാലാണ് ക്ലബ്ബുകൾക്ക് അലമാര വാങ്ങി നൽകിയതെന്നും മറുപടി നൽകി. മറുപടി അംഗീകരിക്കാവുന്നതല്ല. ക്ലബ്ബുകളുടെ റിക്വയർമെന്റിനനുസരിച്ചാണ് സ്പോർട്സ് കിറ്റുകൾ വാങ്ങേണ്ടത്. മാത്രമല്ല ക്ലബ്ബുകൾക്ക് അലമാര വാങ്ങുന്നതിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതി ഇല്ലാത്തതിനാൽ പ്രവൃത്തിക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ആയതു വരെ ചെലവു തുക 163081/- രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പർലിൻ പ്രവൃത്തികൾക്ക് അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി പർലിൻ വർക്ക് ചെയ്തതിന് (റെക്ടാങ്കലർ ഹോളോ പൈപ്പ്) ട്രസ്സ് വർക്കിന് ബാധകമായ DSR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ പർലിൻ പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ അംഗീകരിച്ച, പ്രൈസ് സോഫ്റ്റ്വെയറിൽ ഉള്ള ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/2020-21/21.2.2022 ,24 /2020-21 /21.2.2022നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. പർലിൻ ട്രസ്സ് വർക്കിന്റെ ഭാഗമായിട്ടാണ് പ്രവൃത്തിക്കുന്നത്.

2. പർലിനും കോമൺ റാഫ്റ്ററും ഒന്നിച്ച് വെൽഡ് ചെയ്താണ് നിർമ്മിച്ചിരിക്കുന്നത്.

3. ഇത് ധാരാളം വെൽഡിങ്, വർക്മാൻഷിപ്പ്, ലേബർ എന്നിവ വരുന്ന പ്രവൃത്തിയാണ്.

എന്നാൽ ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

1. പർലിൻ/ സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്ന് പ്രസ്തുത ഡാറ്റയിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതാണ്.

2. പർലിൻ/സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ആവശ്യമായ വെൽഡിങ്, കൂലി എന്നിവ പരിശോധിച്ച് ചീഫ് എഞ്ചിനീയർ അംഗീകരിച്ച് പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതാണ് കോഡ് 50.10.2 പ്രകാരമുള്ള നിരക്ക്.

3. പർലിനും കോമൺ റാഫ്റ്ററും ഒന്നിച്ച് വെൽഡ് ചെയ്താണ് നിർമ്മിച്ചിരിക്കുന്നത് എന്നത് തീർത്തും അപ്രായോഗികമാണ്.

അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക DSR 10.16.1 പ്രകാരം | നൽകാവുന്ന തുക | അധികം (12% GST ഉൾപെടെ) |
|---|---|---|---|---|---|
| 1 | ചിയ്യാന്നൂർ GLP സ്കൂളിന് ഓഡിറ്റോറിയം (194/21)<br>ബിൽ 39/27.7.2020 തുക 207916<br>ബിൽ 42/29.11.2020തുക 489731<br>കരാർ 45/13.11.2019<br>അളവ് പുസ്തകം 6/19<br>കോൺട്രാക്ടർ ശ്രീ റഫീഖ്. കെ.എ<br>കോസ്റ്റ് ഇൻഡക്സ് 31.06% | 449.22Kg | 48561<br>@108.10<br>(എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 118.28/Kg ടെണ്ടർ കുറവ് 8.61%) | 43880<br>@97.68<br>(<br>ഒസർവ്ഡ് ഡാറ്റ 50.10.2 പ്രകാരം<br>യഥാർത്ഥ നിരക്ക് 106.88/Kg<br>ടെണ്ടർ കുറവ് 8.61%<br>) | 5243 |
| 2 | ഒതളൂർ കിഴക്കുമുറി അംഗൻവാടി നവീകരണം (190/21)<br>ബിൽ 19/21.4.2020 തുക 172349<br>കരാറുകാരൻ ശ്രീ. കർണ്ണൻ.എം.വി<br>കരാർ 48/13.11.2019<br>അളവ് പുസ്തകം 62/2019<br>കോസ്റ്റ് ഇൻഡക്സ് 31.06% | 130.8Kg | 15471<br>@118.28/Kg | 13980<br>ഒസർവ്ഡ് ഡാറ്റ 50.10.2 പ്രകാരം<br>യഥാർത്ഥ നിരക്ക്<br>@106.88/Kg | 1670 |
| 3 | ഫിസിയോ തെറാപ്പി സെന്ററിൽ ടോയ്‌ലറ്റ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും | 264.24Kg | 31254<br>@118.28/Kg | 28242<br>@106.88/kg<br>ഒസർവ്ഡ് ഡാറ്റ 50.10.2 പ്രകാരം<br>യഥാർത്ഥ നിരക്ക് | 3373 |

| | | | | | | |
|---|---|---|---|---|---|---|
| | | (238/21)<br>ബിൽ 60/28.12.2020 തുക 186618<br>ബിൽ 117 /31.3.2021 തുക 158889<br>കരാറുകാരൻ ശ്രീ. കർണ്ണൻ.എം.വി<br>കരാർ 84/16.3.2020<br>അളവ് പുസ്തകം 177/17-18, 15/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | 106.88/Kg | |
| | 4 | വില്ലേജ് ഓഫീസ് കെട്ടിട നവീകരണം (താത്കാലിക പഞ്ചായത്ത് ഓഫീസ്) 139/21<br>ബിൽ 100/30.1.2021 തുക 69000<br>ചെക്ക് 5139185/3.3.2021 തുക 44019<br>കരാറുകാരൻ ശ്രീ. റിജിൻ.എ<br>കരാർ 12/4.8.2020<br>അളവ് പുസ്തകം 70/20-21, 103/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 562.15Kg | 64085<br>@114/Kg<br>(എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 118.28/Kg ടെണ്ടർ കുറവ് 3.62% ) | 57907<br>@103.01<br>( ഒസർവ്ഡ് ഡാറ്റ 50.10.2 പ്രകാരം<br>യഥാർത്ഥ നിരക്ക് 106.88/Kg<br>ടെണ്ടർ കുറവ് 3.62% ) | 6919 |
| | 5 | പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന് സ്റ്റോക്ക് റൂം നിർമ്മാണം (262/21)<br>ബിൽ 115/31.3.2021 തുക 702597<br>കരാറുകാരൻ ശ്രീ. ലിപിൻ. എം.വി<br>കരാർ 24/25.10.2019<br>അളവ് പുസ്തകം 81/20-21 | 278.96Kg | 29570<br>@106/Kg<br>(എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 118.28/Kg, ടെണ്ടർ കുറവ് 10.38% ) | 26722<br>@95.79/Kg<br>( ഒസർവ്ഡ് ഡാറ്റ 50.10.2 പ്രകാരം<br>യഥാർത്ഥ നിരക്ക് 106.88/Kg<br>ടെണ്ടർ കുറവ് 10.38% ) | 3190 |

| | | | | | |
|---|---|---|---|---|---|
| | കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| 6 | ആലംകോട് GLP സ്കൂളിന് ഓപ്പൺ എയർ ഓഡിറ്റോറിയം (234/21)<br>ബിൽ 48/13.11.2020 തുക 237564<br>കരാർ 44/5.11.2019 (6.03% കുറവ്)<br>അളവ് പുസ്തകം 1/2019<br>കോൺട്രാക്ടർ ശ്രീ.കെ.ബാബു<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഇനം 14<br>പർലിൻ<br>565.948Kg | 62820<br>@100.50/Kg<br>(എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 118.28/Kg, 6.15% ടെണ്ടർ കുറവിന് ശേഷം. | 56770<br>@100.31/@100.50/Kg<br>(6.15% ടെണ്ടർ കുറവിന് ശേഷം.<br>ഒസർവ്ഡ് ഡാറ്റ 50.10.2 പ്രകാരം<br>യഥാർത്ഥ നിരക്ക് 106.88/Kg) | 6776 |
| | | | | | 27171 |

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-2 ജനലിന് കമ്പി - അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവ്വേദ ആശുപത്രി പുനരുദ്ധാരണവും ചുറ്റുമതിൽ നിർമ്മാണവും (191/21) എന്ന പ്രവൃത്തിയുടെ ഇനം 5 ആയി മരം കൊണ്ടുള്ള ജനൽ ഫ്രയിമിൽ ഫ്ലാറ്റ്, എം എസ് റൗണ്ട് ബാർ (ജനൽ കമ്പി) എന്നിവ സ്ഥാപിച്ചതിന് DSR 9.48.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് വെൽഡിങ്ങ് പ്രവൃത്തികൾ ഉൾപ്പെടുന്ന നിരക്കാണ്. എന്നാൽ ഇവിടെ ചെയ്ത പ്രവൃത്തിയിൽ വെൽഡിങ് ആവശ്യമില്ലാത്തതായതിനാൽ DSR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/2020-21/15.2.2022 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. DSR 14.29 പ്രകാരമുള്ള നിരക്ക് പഴയ കെട്ടിടങ്ങളിലേക്ക് പ്രവൃത്തി നിർവ്വഹിക്കാനുള്ളതാണ്.

2. ഈ ഇനത്തിൽ പ്രൈമിങ് കോട്ട് ഉൾപ്പെടുന്നില്ല. എന്നാൽ ഈ പ്രവൃത്തിയിൽ അത് ചെയ്തിട്ടുണ്ട്.

3. 9.48.2 ഡാറ്റയിൽ വെൽഡിങ്ങിനും പ്രൈമിങ് കോട്ടിനും കൂടി ഒറ്റ നിരക്കാണുള്ളത്. വെൽഡിങ്ങിന് പ്രത്യേക നിരക്ക് ഇല്ല.

ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല

1. 9.48.2 ഡാറ്റയിൽ വെൽഡിങ്ങിന് പ്രത്യേക നിരക്ക് പരാമർശിച്ചിട്ടുണ്ട്.

2. 9.48.2 ഡാറ്റയിൽ വെൽഡിങ് കൂടി ഉൾപ്പെടുന്നതിനാൽ 14.29 ഡാറ്റയിൽ ഉള്ളതിനേക്കാൾ ഉയർന്ന ലേബർ ചാർജും അനുവദിച്ചിട്ടുണ്ട്.

അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | ആയുർവ്വേദ ആശുപത്രി പുനരുദ്ധാരണവും ചുറ്റുമതിൽ നിർമ്മാണവും (191/21)<br>ബിൽ 33/29.7.2020 തുക | 140.08Kg | 20645<br>@147.38/Kg | 11348<br>@81.01/Kg | 10413<br>(12% നികുതി ഉൾപ്പെടെ) |

| | | | | | | |
|---|---|---|---|---|---|---|
| | 89777<br>ബിൽ 4/21.4.2020 തുക 306193<br>കരാർ 33/28.10.2019<br>അളവ് പുസ്തകം<br>കോൺട്രാക്ടർ ശ്രീ രഘുനാഥ്.വി.ജി<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | | |

അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-3 മണ്ണ് ഫില്ലിങ് - കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആലംകോട് ജി.എൽ.പി സ്കൂളിന് ഓപ്പൺ എയർ ഓഡിറ്റോറിയം ( 234 /21) എന്ന പ്രവൃത്തിയുടെ എക്സ്ട്ര ഇനം 2 ആയി കെട്ടിടത്തിന്റെ തറയിൽ 71.228$m^3$ മണ്ണ് നിറച്ചതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ ഇനം 1 പ്രകാരം കിളച്ചെടുത്ത മണ്ണിൽ 17.68$m^3$ അവശേഷിച്ചത് (ആകെ കിളച്ചെടുത്തത് 32.758 $M^3$ ഇനം 4 പ്രകാരം ഉപയോഗിച്ചത് 15.078$m^3$ ബാക്കി 17.68$m^3$) ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ല. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കിളച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തത് | തുക |
|---|---|---|---|
| 1 | ആലംകോട് ജി.എൽ.പി സ്കൂളിന് ഓപ്പൺ എയർ ഓഡിറ്റോറിയം ( 234 /21)<br>ബിൽ 106/25.2.2021 തുക 844025<br>ബിൽ 48/13.11.2020 തുക 237564<br>കരാർ 44/5.11.2019 (6.03% കുറവ്)<br>അളവ് പുസ്തകം<br>കോൺട്രാക്ടർ ശ്രീ.കെ.ബാബു<br>കോസ്റ്റ് ഇൻഡക്സ് 31.06% | 17.68$m^3$ | @383.32/$m^3$<br>7590<br>12% നികുതി ഉൾപ്പെടെ |

ഓഡിറ്റ് എൻക്വയറി 5/2020-21/15.2.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 ഷീറ്റ് റൂഫിങ് പ്രവൃത്തികൾ -അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റിന് 607.83/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഗ്രാമ പഞ്ചായത്തിൽ നൽകി വരുന്നത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ

നിരക്ക് കണക്കാക്കിയിട്ടുള്ളൂ (കോഡ് 12.50). അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്. എന്നാൽ ഇപ്രകാരമല്ല ഈ പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ ഡാറ്റയിൽ ഉൾപ്പെടുത്തിയ 0.35mm GI ട്രഫോൾഡ് ഷീറ്റിനുള്ള മാർക്കറ്റ് നിരക്കും DSR കോഡ് 12.50 ലെ മറ്റിനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന, ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 392.81 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 24.47 |
| Total | | | | | 480.72 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്കയറിന് ശരാശരി 126 രൂപ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 14 /20-21/18.2.2022 നൽകിയതിന് - റൂഫിങ് വിത് ഹാർഡ് കളർ പൗഡർ കോട്ടട് ട്രഫോർഡ് ഷീറ്റിന് ചീഫ് എഞ്ചിനീയർ അംഗീകരിച്ച നിരക്കാണ് ഇവിടെ നൽകിയിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. എന്നാൽ ഇവിടെ ഉപയോഗിച്ചിട്ടുള്ളത് ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റ് ആണ്. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും അപ്രകാരം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഹാർഡ് കളർ പൗഡർ കോട്ടട് ട്രഫോർഡ് ഷീറ്റിന് നൽകാവുന്ന തുക ഈ പ്രവൃത്തിക്ക് നൽകിയത് അനുവദനീയമല്ല. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക @607.83/$m^2$ | നൽകാവുന്ന തുക | അധികം (GST |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | @480.72/m2 | ഉൾപ്പെടെ) |
| ഒതളൂർ കിഴക്കുമുറി അംഗൻവാടി നവീകരണം (190/21)<br>ബിൽ 19/21.4.2020 തുക 172349<br>കരാറുകാരൻ ശ്രീ. കർണ്ണൻ.എം.വി<br>കരാർ 48/13.11.2019<br>അളവ് പുസ്തകം 62/2019<br>കോസ്റ്റ് ഇൻഡക്സ് 31.06% | 83.737m2 | 50898 | 40254 | 11921 |
| ഫിസിയോ തെറാപ്പി സെന്ററിൽ ടോയ്‌ലറ്റ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും (238/21)<br>ബിൽ 60/28.12.2020 തുക 186618<br>ബിൽ 117 /31.3.2021 തുക 158889<br>കരാറുകാരൻ ശ്രീ. കർണ്ണൻ.എം.വി<br>കരാർ 84/16.3.2020<br>അളവ് പുസ്തകം 177/17-18, 15/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 113.14m2 | 68770 | 54389 | 16107 |
| പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന് സ്റ്റോക്ക് റൂം നിർമ്മാണം (262/21)<br>ബിൽ 115/31.3.2021 തുക 702597<br>കരാറുകാരൻ ശ്രീ. ലിപിൻ. എം.വി<br>കരാർ 24/25.10.2019<br>അളവ് പുസ്തകം 81/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 107.25m2 | 61240<br>(6.06% ടെണ്ടർ കുറവ് )<br>@571/m2 | 48433<br>@451.59/m2 | 14344 |
| | | | ആകെ | 42372 |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 400000 | ഭിന്നശേഷി സ്കോളർഷിപ്പ് 20/2020-21 | 400000 | 0 |
| | 1377000 | നെൽകൃഷി വികസന പദ്ധതി 23/2020-21 | 1377000 | 0 |
| ആകെ | 1777000 | | 1777000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ഭിന്നശേഷി സ്കോളർഷിപ്പ് 20/2019-20 | 300000 | 0 |
| ആകെ | 300000 | | 300000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | 30/21 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ | വൗച്ചർ നമ്പർ 22000096/16.05.20 ചെക്ക് നമ്പർ 5139983/18.05.20 | 21364/- | 0 | ലഭ്യമല്ല | 21364/- |
| | | വൗച്ചർ നമ്പർ 2200444/27.08.20 ചെക്ക് നമ്പർ 5139127/27.08.20 | 15468/- | | | 15468/- |
| | | വൗച്ചർ നമ്പർ 22000482/9.9.2020ചെക്ക് നമ്പർ 5139130/09.09.20 | 22818/- | | | 22818 |
| | | വൗച്ചർ നമ്പർ 22000567/21.10.20 ചെക്ക് നമ്പർ 965301/21.10.20 | 26061/- | | | 26061/- |
| | | വൗച്ചർ നമ്പർ 22000646/16.11.20 | 14100/- | | | 14100 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തി | തിരിച്ചടക്കാൻ ബാക്കി | തൻവർഷം ലഭിച്ചത് | തൻവർഷം അടച്ചത് | വർഷാവസാനം ബാക്കി |
|---|---|---|---|---|---|
| Secured Loan From Co-operative Bank | Go.No.773/10/ Lsgd Dt. 08.03.10 | 954015 | 10522 | 964537 | 0 |
| Secured Loan From KURDFC | Go(Rt) No.974/07/LSGD | 9652272 | 2388181 | 3115215 | 8925238 |

| | | | | | | |
|---|---|---|---|---|---|---|
| | Dt.26.03.2011 Go No. Kurdfc/ Gp/156/07 Dt. 26.03.11 Go No. Kurdfc/ Gp/156/07/27.11.13 Go No. Kurdfc/ Gp/156/07dt. 24.06.14 Go No. Kurdfc/ Gp/156 /07dt.11.03.16 | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 14600/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 14600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14600 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വറ്റിഷെയറുകൾ | 14600 |
| ആകെ | 14600 |

വാർഷിക കണക്കുകളിൽ പ്രസ്താവിക്കുന്ന സ്ഥിരനിക്ഷേപം സംബന്ധിച്ച രേഖകൾ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2003-04 | പൊതു പരാമർശം | ട്രാക്ടർ വാങ്ങിയതിലെ അപാകത | നടപടി തുടരുന്നു. |
| - | | 2013-14 | ലഭ്യമല്ല | ലഘു അവലോകനം (പെർഫോമൻസ് ഗ്രാന്റ്) | നടപടി തുടരുന്നു. |
| 2017-18 | 3(1) | 2018-19 | ലഭ്യമല്ല | വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന | നടപടി തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | കെട്ടിടത്തിൽ അറ്റകുറ്റ പണി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998 -99 | 40, 46, 47 | പി. സുബ്രഹ്മണ്യൻ സെക്രട്ടറി പഞ്ചായത്ത് വകുപ്പ് | LF 22378/ Spl.cell/ SC5/04 17.5.06 | 1,77,855 | | | 1,77,855 | | | | ഒപി-245/06 ഡി.സി. മഞ്ചേരി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92974693 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95135135 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 87546 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1971915 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 -1 | | 27171 | Rs. 13586 അജീഷ് നാരായണൻ അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 13585 അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |
| 3-2 | | 10413 | Rs. 5207 അജീഷ് നാരായണൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 5207 അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |
| 3-3 | | 7590 | Rs. 3795 അജീഷ് നാരായണൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 3795 അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-4 | | 42372 | Rs. 21186 അജീഷ് നാരായണൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 21186 അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ |
| ആകെ | | 87546 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19-1 | 81490 | ശ്രീ. ജോൺ ജോൺ പാറയ്ക്കൽ , സെക്രട്ടറി |
| 1-19-2 | 1000000 | ശ്രീ. ജോൺ ജോൺ പാറയ്ക്കൽ , സെക്രട്ടറി |
| 1-19-3(1) | 21364 | ശ്രീ. വിനോദ് കുമാർ ടി , സെക്രട്ടറി |
| 1-19-3(2) | 15468 | ശ്രീ. ജോൺ ജോൺ പാറയ്ക്കൽ , സെക്രട്ടറി |
| 1-19-3(3) | 22818 | ശ്രീ. ജോൺ ജോൺ പാറയ്ക്കൽ , സെക്രട്ടറി |
| 1-19-3(4) | 26061 | ശ്രീ. ജോൺ ജോൺ പാറയ്ക്കൽ , സെക്രട്ടറി |
| 1-19-3(5) | 14100 | ശ്രീ. ദിലീപ് കുമാർ , സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-19-3(6) | 30763 | ശ്രീ. ദിലീപ് കുമാർ , സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-26-1 | 12000 | ശ്രീമതി. ദീപ കെ.ആർ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-26-2 | 138000 | ശ്രീമതി. ദീപ കെ.ആർ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-26-3 | 50000 | ശ്രീ. ജോൺ ജോൺ പാറയ്ക്കൽ , സെക്രട്ടറി |
| 1-26-4 | 116320 | ശ്രീ. ദിലീപ് കുമാർ , സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-34 | 280450 | ശ്രീ. സുരേഷ് കുമാർ , ഹെഡ്മാസ്റ്റർ |
| 1-35 | 163081 | ശ്രീ. സുരേഷ് , ഹെഡ്മാസ്റ്റർ |
| ആകെ | 1971915 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജീഷ് നാരായണൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് | വെങ്ങാലിൽ പങ്ങോടത്ത് എറവക്കാട് (പി.ഒ) കുമരനെല്ലൂർ പാലക്കാട് (ജില്ല) |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | ലഭ്യമല്ല | ലഭ്യമല്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1998-99 | കെഎസ്എ.എംപി.എം.17/1810/14 തിയ്യതി-16.02.2015 | 6 |
| 1999-20 | കെഎസ്എ.എംപി.എം.17/1810/14 തിയ്യതി-16.02.2015 | 9 |
| 2001-02 | എൽ.എഫ്.എം.8/1774/07 തിയ്യതി-23.01.2009 | 10 |
| 2002-03 | എൽ.എഫ്.എം.8/1775/07 തിയ്യതി-23.01.2009 | 11 |
| 2003-04 | എൽ.എഫ്.എം.8/1776/07 തിയ്യതി-23.01.2009 | 05 |
| 2004-05 | കെഎസ്എ.എംപി.എം.28/1588/19 തിയ്യതി-20.09.2019 | 05 |
| 2005-06 | എൽ.എഫ്.എം.8/1778 തിയ്യതി-23.01.2009 | 13 |
| 2006-07 | കെഎസ്എ.എംപി.എം.28/1835/19 തിയ്യതി-03.09.2019 | 10 |

| | | |
|---|---|---|
| 2007-08 | കെഎസ്എ.എംപി.എം.28/1589/19 തിയ്യതി-20.09.2019 | 09 |
| 2008-09 | കെഎസ്എ.എംപി.എം.28/1159/19 തിയ്യതി-20.09.2019 | 8 |
| 2009-10,2010-11 | കെഎസ്എ.എംപി.എം.28/1590/19 തിയ്യതി-02.12.2019 | 23 |
| 2011-12, 2012-13 | കെഎസ്എ.എംപി.എം.17/440/15 തിയ്യതി-28.11.2015 | 30 |
| 2013-14, 2014-15 | കെഎസ്എ.എംപി.എം.28/1406/16 തിയ്യതി-09.05.2017 | 19 |
| 2015-16 | കെഎസ്എ.എംപി.എം.28/3275/16 തിയ്യതി-08.02.2018 | 22 |
| 2016-17 | കെഎസ്എ.എംപി.എം.28/1426/17 തിയ്യതി-08.05.2018 | 12 |
| 2017-18 | കെഎസ്എ.എംപി.എം.28/1865/19 തിയ്യതി-17.09.2019 | 16 |
| 2018-19 | കെഎസ്എ.എംപി.എം.28/2821/20 തിയ്യതി-06.02.2021 | 12 |
| 2019-20 | കെഎസ്എ.എംപി.എം.5/656/19 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എൽ. 5/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്